
Registered No. M-4485 Madras War Review, Malayalam—2-3-1945

UNIVERSITY LIBRARY 10 FEB 1946 MADRAS

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മാർച്ച് 2-ാംനു, വെള്ളിയാഴ്ച [ലക്കം 25



## നമുക്ക് ഒന്നിച്ചുനിന്നുകൊണ്ട് മുന്നോട്ടുപോവുക !

**യോ**ജിച്ചു നില്ക്കുന്നപക്ഷം, ലോകത്തെ ഉൽക്കർഷത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും സൌഖ്യത്തിലേക്കും നയിക്കുന്നതിന്നു അപാരമായ ശക്തി, ഞങ്ങൾക്കുണ്ടു്.

**സേ**വനത്തിന്നാണു് മഹൽശക്തികൾ ശ്രമിക്കേണ്ടതു്; ഭരിക്കുന്നതിനല്ല. വലുതും ചെറുതുമായ മററു രാഷ്ട്രങ്ങളോടു യോജിച്ചുകൊണ്ടു എല്ലാ രാഷ്ട്രങ്ങളുടേയും അവകാശങ്ങളെ സംരക്ഷിക്കുന്നതിന്നും അവയ്ക്കു അക്രമത്തിൽനിന്നു സംരക്ഷ നൽകുന്നതിന്നും വേണ്ടി ഒരു വമ്പിച്ച ലോകസംഘടന സൃഷ്ടിക്കപ്പെടുന്നതാണു്.

**ഇ**ന്നു മുമ്പേത്തേക്കാൾ അധികം പ്രകാശത്തോടെ ദീപങ്ങൾ കത്തിയെരിയുന്നു.

**ന**മുക്കു ഒന്നിച്ചുനിന്നുകൊണ്ടു മുന്നോട്ടുപോവുക.

—1945 ഫിബ്രുവരി 27-ാം തിയ്യതി, പാർലിമെണ്ടിൽ മി. ചർച്ചിൽ ചെയ്ത പ്രസ്താവന.

# പൊളിഞ്ഞുപോയ പൊങ്ങച്ചം

മഞ്ഞുകാലത്തിൽ ഞങ്ങൾ തുടങ്ങിയ ആക്രമണംമൂലം പാശ്ചിമ സമരമുഖത്തു ജർമ്മൻകാർക്കു ബൽജിയം, ആൽസെയിസ് ഇവ പിടിക്കുന്നതിന്നു തരപ്പെട്ടില്ല. പ്രത്യുത, സഖ്യസേനകൾക്കു് ജർമ്മൻകാർക്കെതിരായി ആക്രമണം സമാരംഭിക്കുന്നതിന്നു സാധിച്ചു; അങ്ങിനെ കിഴക്കുനിന്നുള്ള ചുവപ്പുസേനയുടെ ആക്രമണത്തോടൊപ്പം പടിഞ്ഞാറുനിന്നുള്ള ആക്രമണവും സംബന്ധിപ്പിക്കുന്നതിന്നും കഴിഞ്ഞു.

### 40 ദിവസങ്ങൾകൊണ്ടു നേടിയ അത്ഭുതാവഹമായ ഫലങ്ങൾ

ജനവരിയിലും ഫിബ്രുവരിയിലുമായി 40 ദിവസങ്ങളോളം ഞങ്ങൾ നടത്തിയ ആക്രമണംമൂലം 300 നഗരങ്ങളിൽനിന്നു ജർമ്മൻകാരെ അടിച്ചുപായിക്കുകയും, വളരെയധികം ആയുധസാമഗ്രികൾ അധീനപ്പെടുത്തുകയും 2,400 റയിൻവെ സ്റ്റേഷൻ പിടിച്ചടക്കുകയും ചെയ്വാൻ സാധിച്ചു. ഈ കാലത്തിന്നുള്ളിൽ തന്നെ 350,000 ഓഫീസർമാർ ജർമ്മനിക്കു നഷ്ടമായി; 800,000 പേർ കൊല്ലപ്പെടുകയും ചെയ്തു. കൂടാതെ 3,000 ജർമ്മൻ വിമാനങ്ങളും, 4,500 ടാങ്കുകളും, 12,000 തോക്കുകളും ചുവപ്പുസേന ജർമ്മൻകാരിൽനിന്നു പിടിച്ചെടുത്തു.

### പൊങ്ങച്ചം പൊളിഞ്ഞുപോയി

കഴിഞ്ഞ നൂറു കൊല്ലത്തോളമായി ഒരു മറുനാടൻ ഭടൻ ജർമ്മൻ മണ്ണിൽ കാലുകുത്തിയിട്ടില്ലെന്നും, മേലിൽ അങ്ങിനെ ചെയ്യുകയില്ലെന്നും ഫാസിസ്റ്റുകൾ പൊങ്ങച്ചം പറഞ്ഞുനടന്നു. ഈ പൊങ്ങച്ചം പറയൽ ഇന്നു നിർത്തിയിരിക്കുന്നു. ഇന്നു യുദ്ധത്തിന്റെ നാലാംപക്ഷത്തിൽ ചുവപ്പുസേന മുമ്പത്തെക്കാളെല്ലാംതന്നെ ശക്തമാണ്.

### അദ്ധ്വാനത്തോടെയും സൂക്ഷ്മതയോടെയും വിജയത്തിലേക്കു്

വിജയം തന്നത്താൻ സംഭവിക്കയില്ല. കടുത്ത സമരങ്ങളാലും, കിണഞ്ഞ പരിശ്രമങ്ങളാലും മാത്രമേ അതു കൈവരികയുള്ളൂ. ശത്രു, പ്രതികാരത്തിൽനിന്നു രക്ഷപ്പെടുന്നതിന്നായി അവസാനത്തെ ശക്തികൾ കൂടെ പടക്കളത്തിലേക്കെറിഞ്ഞുപൊരുതുകയാണ്.

തന്മൂലം, നമുക്കു വിജയത്തോടടുക്കുംതോറും കൂടുതൽ സൂക്ഷ്മത വേണമെന്നും, ശത്രുവിന്നു കൂടുതൽ കടുത്ത പ്രഹരങ്ങൾ നൽകണമെന്നും ഓർമ്മയുണ്ടായിരിക്കണം.

—മാർഷൽ സ്റ്റാലിൻ ചുവപ്പുസേനയുടെ 27-ാം വാർഷികദിനമായ ഫെബ്രുവരി 22-ാംനു നൽകിയ ഒരു ഉത്തരവിൽ.

# ചുവപ്പുസേനയും, അതിന്റെ സ്രഷ്ടാക്കളും

[ചുവപ്പുസേന രൂപീകൃതമായിട്ടു് 27 വർഷം കഴിഞ്ഞു. ഈ ചുരുങ്ങിയ കാലഘട്ടത്തിന്നുള്ളിൽ അതു കൈവരുത്തിയ നേട്ടങ്ങൾ അഭൂതപൂർവ്വമാണ്. ഫാസിസത്തിന്റെ നട്ടെല്ലു പൊട്ടിക്കുവാൻ ചുവപ്പുസേന ചെയ്ത സാഹസങ്ങൾ ഇന്നും പുളകോൽഗമകാരിയാണ്. ഈ മഹനീയസേനയുടെ ചരിത്രത്തിലേക്കു നാം ഈ സന്ദർഭത്തിൽ ഒന്നു കണ്ണോടിക്കുന്നതു ഉചിതമായിരിക്കും.—യു. സ. പ.]

ചുവപ്പുസേനയെ സൃഷ്ടിച്ചതും, രൂപവൽക്കരിച്ചതും ലെനിനും സ്റ്റാലിനുമാണ്. ഈ രണ്ടു പേരുകളും ചുവപ്പുസേനയോടു അവിഭാജ്യമാം വിധം ബന്ധിക്കപ്പെട്ടിരിക്കുന്നു. ചുവപ്പുസേനയുടെ ആവിർഭാവം, വളർച്ച, ബലം, സൈനികതന്ത്രം ഇവയിലെല്ലാം തന്നെ ലെനിനും സ്റ്റാലിനും പങ്കുണ്ടു്.

ചുവപ്പുസേനയുടെ നേതാക്കന്മാർ ഈ രണ്ടു മഹാന്മാരാണ്. സോവിയററ് ഭരണം സുസ്ഥാപിതമായ അന്നു മുതൽ, ചുവപ്പുസേനയുടെ രൂപവൽക്കരണത്തിന്റെ അടിയന്തരാവശ്യത്തെപ്പററി ലെനിൻ ഊന്നിപറഞ്ഞിട്ടുണ്ടു്.

"ഒക്ടോബർ വിപ്ലവം കഴിഞ്ഞതിന്നു ശേഷം," ലെനിൻ പ്രസ്താവിച്ചു, "നാം ഒരു പുതിയ ഭരണക്രമം, സമാധാനപരമായ ഒരു ഭരണക്രമം, സ്ഥാപിച്ചിട്ടുണ്ടു്. നമ്മുടെ ദേശീയനയം, നമ്മുടെ ദേശത്തിലുള്ള സർവ്വജനസമൂഹങ്ങളുമായ അനുരഞ്ജിപ്പിലും, സഹഭാവത്തിലും, സമത്വത്തിലും വർത്തിക്കുകയെന്നതാണ്. വിദേശനയമാകട്ടെ, മററു രാഷ്ട്രങ്ങളുടെയും ജനങ്ങളുടെയും പരമാധികാരത്വവും സ്വാതന്ത്ര്യവും സമ്മതിച്ചുകൊടുക്കുകയും ബഹുമാനിക്കയുമാണ്. സമാധാനത്തിന്നുവേണ്ടി ഉദ്യമിക്കുകയും, അയൽരാഷ്ട്രങ്ങളും ജനങ്ങളുമായി രഞ്ജിപ്പിൽ വർത്തിക്കുകയുമാണ് നമ്മുടെ വിദേശനയത്തിന്റെ മൌലികതത്വങ്ങൾ."

"നമ്മൾ സമാധാനകാംക്ഷികളാണ്," ലെനിൻ തുടരുന്നു, "പക്ഷെ നാം ക്രനിസ്ത്രുതക്കാരോ, ശാന്തവാദികളോ, ടോൾസ്റ്റോയന്മാരോ അല്ല. നമ്മുടെ ശത്രുക്കൾ ഒരുംപെടുന്ന ഏതൊരു സായുധമായ കൈകടത്തലിന്നും ആക്രമത്തിന്നും എതിരായി നാം തയ്യാറായിരിക്കുകയും, അവക്കു ഉചിതമായ ഉത്തരം നൽകുകയും വേണം. നമുക്കു യുദ്ധം ആവശ്യമില്ല. കാരണം യുദ്ധമെന്നുവെച്ചാൽ കൂട്ടക്കൊലയും അടിമപ്പെടുത്തലും, രാജ്യങ്ങൾ പിടിച്ചുപറിക്കലുമാണ്. നാം ഈ കൃത്യങ്ങൾ വെറുക്കുന്നു. എന്നാൽ നമ്മുടെ സോവിയററ് മാതൃരാജ്യം, നാം ഒക്ടോബറിൽ നേടിയ നേട്ടങ്ങളും അന്തസ്സും, സ്വാതന്ത്ര്യവും, അന്യാശ്രയത്വമില്ലായ്മയും നമ്മുടെ സ്വന്തമാണ്. അതിനെ സംരക്ഷിക്കുന്നതിന്നു വേണ്ടി സർവ്വശക്തിയുമുപയോഗിച്ചു നാം പരിശ്രമിക്കേണ്ടതാണ്. നമ്മുടെ രാജ്യത്തെ രക്ഷിക്കുന്നതിന്നു ബലവത്തായ ഒരു സേനയെ രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു. ഇതിലെ പ്രാഥമികൃത്യം ഒരു ശക്തിമത്തായ സോവിയററ് സേന, ചുവപ്പുസേന സൃഷ്ടിക്കുക എന്നതാണ്."

കഴിയുന്നത്ര ത്വരിതഗതിയും, സൂക്ഷ്മതയോടെയും ലെനിനും സ്റ്റാലിനും ചുവപ്പുസേനയെ രൂപീകരിച്ചു. അക്കാലത്തു സുസാധ്യമായ ഒരു കൃത്യമായിരുന്നില്ല ഇതു്. സൈനികവിദഗ്ദ്ധന്മാരുടെ അഭാവം, രാജ്യത്തു പടർന്നുപിടിച്ചിരുന്ന സാമ്പത്തികക്കുഴപ്പം, കഴിഞ്ഞ യുദ്ധംമൂലം ക്ഷീണിതരും ഭയവിഹ്വലരുമായിരുന്ന ജനതകൾ, ഇതിന്നെല്ലാം ഉപരിയായി സോവിയററ് ഭരണയന്ത്രം ഉടലെടുത്തു വരികയായിരുന്നു. അകത്തും പുറത്തും ഉള്ള സോവിയററ് വിരോധികൾ സോവിയററ് റിപ്പബ്ലിക്കിനെ ആക്രമിച്ചു. ഇതിൽ മുന്നണിയിൽ നിന്നതു ജർമ്മൻ സാമ്രാജ്യാധിപന്മാരായിരുന്നു.

അഭ്യന്തര യുദ്ധത്തിന്നിടയിൽ, സോവിയററ് റിപ്പബ്ലിക്ക് ഒരു നിരോധിക്കപ്പെട്ട കോട്ടയായിരുന്ന ആ അവസരത്തിലാണ് ചുവപ്പുസേന ഏർപ്പെടുത്തിയതു്. ഈ വിഷമതകൾ കൊണ്ടൊന്നും ലെനിനും സ്റ്റാലിനും പിന്നോട്ടു വെച്ചില്ല. അവർ ചുവപ്പുസേന രൂപീകരിച്ചു. ലോകത്തിലെ ഒരു പുതിയ രീതിയിലുള്ള പട്ടാളം. ചുവപ്പുസേന ഒക്ടോബർ വിപ്ലവത്തിന്റെ സന്താനമാണ്; സോവിയററ് രാഷ്ട്രത്തിന്റെ വിദേശീയ നയത്തേയും ആഭ്യന്തര നയത്തേയും നടപ്പിൽ വരുത്തുന്നതിന്നുള്ള ഒരു ഉപകരണം. ആ സേനയുടെ സ്വഭാവം, അതിന്റെ കൃത്യമേതാണെന്നു കുറിക്കുന്നു.

വിപ്ലവത്തെ വിജയിപ്പിച്ചതു, കൃഷിക്കാരുടെയും തൊഴിലാളികളുടെയും പട്ടാളമാണ്. ചുവപ്പുസേനയെ സോവിയററു ജനതയും തമ്മിൽ അത്രമേൽ ഒട്ടിപ്പിടിച്ചിരിക്കുന്നു. അതിലെ ഉദ്യോഗസ്ഥന്മാരും, സാധാരണ ഭടന്മാരും ജനസാമാന്യത്തിൽനിന്നു വരുന്നവരാണ്; ജനങ്ങളുടെ താല്പര്യമല്ലാതെ ചുവപ്പുസേനക്കു യാതൊരു താല്പര്യവുമില്ല. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കും, അനുമതിക്കും വിരുദ്ധമായി ചുവപ്പുസേന പ്രവർത്തിക്കുക, അതു ആലോചിക്കാൻപോലും മേലാ. ജനങ്ങളുമായിട്ടുള്ള ഈ ഐകരൂപ്യമാണ് ചുവപ്പുസേനയുടെ ഒരു സവിശേഷത. സോവിയററ് ജനങ്ങൾ അവരുടെ പട്ടാളത്തെ സ്നേഹിക്കുന്നു. സോവിയററ് ജനസമൂഹങ്ങളെ അന്യോന്യം ബന്ധിക്കുന്ന കണ്ണിയാണ് ചുവപ്പുസേന. വിവിധ ദേശീയതകളുള്ള ഒരു രാജ്യത്തു എല്ലാവരുടെയും ആനുകൂല്യവും ആദരവും സമ്പാദിച്ചിരിക്കുന്നുവെന്നതാണ് ചുവപ്പുസേനയുടെ മറെറാരു പ്രത്യേകത.

മററു രാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുക എന്ന തത്വം ചുവപ്പുസേന വെറുക്കുന്നു. പ്രതിലോമതത്വം, ആക്രമണമനോഭാവം ഇവയെ എതിർക്കുകയും, രാഷ്ട്രങ്ങളുടെ പുരോഗമനം, സ്വാതന്ത്ര്യം ഇവയെ സഹായിക്കുകയും ചെയ്യുന്നു. ചുവപ്പുസേനയുടെ മൂന്നാമത്തെ ഒരു പ്രത്യേകത ഇതാണ്. തന്മൂലമാണ് സ്വാതന്ത്ര്യസ്നേഹികളായ എല്ലാ ജനങ്ങളും ചുവപ്പുസേനയുടെ വിജയങ്ങൾ കേൾക്കുമ്പോൾ സന്തോഷിക്കുന്നതു്.

കഴിഞ്ഞ ആഭ്യന്തര യുദ്ധകാലത്തു ചുവപ്പുസേനയെ നേരിട്ടു നയിച്ചിരുന്നതു ലെനിനും സ്റ്റാലിനുമായിരുന്നു. സോവിയററിനെ ആക്രമിച്ച ശത്രുക്കളെ മുഴുവനും നാട്ടിൽ നിന്നാട്ടിയോടിച്ച ആ വിജയങ്ങൾ സിദ്ധിച്ചതു ഈ നേതാക്കന്മാർ തയ്യാറാക്കിയ പദ്ധതികൾ അനുസരിച്ചിട്ടാണ്.

ഇന്നും, ഫാസിസ്റ്റു ജർമ്മനിക്കെതിരായ യുദ്ധത്തിൽ ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ തന്നെയാണ് ചുവപ്പുസേന വിജയങ്ങൾ കൈപ്പററുന്നതും. ലെനിൻ അന്തരിച്ചുപോയി, പക്ഷെ അദ്ദേഹം തന്റെ ഉൽകൃഷ്ടങ്ങളായ തത്വങ്ങളിലും, ചുവപ്പുസേനയുടെ സമരതന്ത്രത്തിലും, വിജയങ്ങളിലും ഇന്നും ജീവിച്ചിരിപ്പുണ്ട്.

ലെനിന്റെ വഴിയെ അനുപദം തുടർന്നുകൊണ്ടു ഇന്നു സ്റ്റാലിൻ ചുവപ്പുസേനയെ മുന്നോട്ടു നയിക്കുന്നു.

(ടാസ്സ്)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 മാർച്ച് 2-ാംനു, വെള്ളിയാഴ്ച


## ഭരിയ്ക്കുന്നതിന്നല്ല—സേവിയ്ക്കുന്നതിന്ന്

കഴിഞ്ഞ ചൊവ്വാഴ്ച പാർലിമെണ്ടിൽവെച്ചു മി. ചർച്ചിൽ യാൽട്ടാ സമ്മേളനത്തിൻെറ റിപ്പോർട്ട് നല്കിക്കൊണ്ടു പ്രസംഗിച്ചു. ഈജിപ്റ്റ്, ഗ്രീസ്സ്, മാൾട്ട എന്നീ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്നുണ്ടായ അഭിപ്രായങ്ങൾകൂടി ഈ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. ഏററവും സവിശേഷമായ ഒരു പ്രസംഗമായിരുന്നു അതു്. ആർതർ ഗ്രീൻവുഡ്ഡ് പറഞ്ഞതുപോലെ പ്രധാനമന്ത്രിയുടെ പ്രശസ്തമായ പ്രസംഗങ്ങളിൽ ഏററവും മികച്ച ഒന്നായിരുന്നു. ആ പ്രസംഗത്തിൻെറ പ്രാധാന്യത അതിൽ ജനകീയത്വത്തിൻെറ വെല്ലുവിളി ഉൾക്കൊണ്ടിരുന്നു എന്നുള്ളതാണ്. പ്രത്യേകിച്ചും ചരിത്രപരമായ സംഭവഗതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നു അങ്ങിനെയുള്ള ഒരു പ്രസംഗം അത്യാവശ്യമാണുതാനും.

ചർച്ചിൽ നാലു പ്രധാന കാര്യങ്ങളെ എടുത്തു പറയുകയുണ്ടായി. പോളിഷ് പ്രശ്നത്തിൻെറ സ്വഭാവത്തെപ്പററി അദ്ദേഹം ഇങ്ങനെ വ്യക്തമാക്കി. "പോളണ്ടിൻെറ സ്വാതന്ത്ര്യവും ഐക്യവും പരമാധികാരത്വവുമാണ് ഗവമ്മേണ്ടിന്നു ചില അതിത്തികളെക്കാൾ പ്രധാനമായിട്ടുള്ളതു്: റഷ്യ ചെയ്ത ത്യാഗങ്ങളും അനുഭവിച്ച കഷ്ടതകളും മൂലമാണ് പോളണ്ട് നാശഗത്തത്തിൽനിന്നു രക്ഷപ്പെട്ടതു്." റഷ്യൻ നയത്തെപ്പററി ചർച്ചിൽ സ്തുതിക്കാതിരുന്നില്ല. മാർഷൽ സ്റ്റാലിനും മററു സോവിയററ് നേതാക്കന്മാരും പാശ്ചാത്യ ജനകീയ രാഷ്ട്രങ്ങളുമായി സമത്വത്തോടെയും ചങ്ങാതിത്വത്തോടെയും വത്തിക്കുവാനാണിച്ഛിപ്പെടുന്നതു്. അദ്ദേഹം തുടർന്നു, അവരുടെ വാക്കുകൾ തന്നെയാണ് ആധാരം. റഷ്യൻ സോവിയററ് ഗവമ്മേണ്ടിനെപോലെ വാക്കുകളെ പുലത്തുന്ന വേറെ ഒരു ഗവമ്മേണ്ടും ഇല്ല.

ചർച്ചിൽ പ്രസ്താവിച്ച മൂന്നാമത്തെ സംഗതി, യൂറോപ്യൻ അഡ്വൈസറി കമ്മീഷനെപ്പററിയായിരുന്നു. ചർച്ചിലിനെ പോലെ ഫ്രാൻസിനോടു സ്നേഹമുള്ള മറെറാരാളുണ്ടാവുകയില്ല. മോസ്ക്കാവിലും സൻ ഫ്രാൻസിസ്കോവിലും വെച്ചു കൂടുന്ന സമാധാനസമ്മേളനങ്ങളിൽ സ്വാതന്ത്ര്യവും പുനർജന്മമെടുത്ത ഫ്രാൻസു പങ്കെടുക്കുന്നതു കാണുമ്പോൾ അദ്ദേഹത്തിന്നു വളരെ സന്തോഷമായിരിക്കും ഉണ്ടാവുക.

ഇതിലെല്ലാം വെച്ചു ഏററവും പ്രസ്താവ്യമായതു വരാൻപോകുന്ന ലോകസംഘടനയുടെ രൂപീകരണത്തെ സംബന്ധിച്ചതാണ്. ഇവിടെയാണ് വാസ്തവികതയും ജനകീയത്വവും സമ്മേളിക്കുന്നതു്. പുതുതായി നിമ്മിക്കുവാൻ പോകുന്ന സംരക്ഷാ സംഘടന പഴയ സവ്വ രാജ്യസഖ്യത്തെപോലെ ബലം കുറഞ്ഞ ഒന്നാവാൻപാടില്ല. അതേസമയത്തു തന്നെ ഒരു ഏകാധിപത്യവും ആയിക്കൂടാ. ചരിത്രം നമ്മെ വളരെ ഭയാനകങ്ങളായ പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. "മഹൽശ്ശക്തികളുടെ സേച്ഛാധിപത്യത്തിന്മേൽ അടിസ്ഥാനപ്പെടുത്തിയതായിരിക്കയില്ല ലോക സംഘടന." നോക്കു കഴിഞ്ഞ യുദ്ധാവസാനത്തിൽ ഈ കാര്യങ്ങളെ സംബന്ധിച്ചേടത്തോളം എത്ര അന്ധമായിരുന്നു എന്നു. ശാസ്ത്രത്തിൻെറ ഉൽഗതിക്കും അധുനാതനരീതിയിലുള്ള സന്ദേശ വ്യവസ്ഥകൾക്കും നന്ദി പറയുക; ഇന്നു സഖ്യരാജ്യതന്ത്രജ്ഞന്മാക്കു പുതിയ പുതിയ സംഭവഗതികളെ അറിയുവാനും അന്യോന്യം കൈമാററം ചെയ്യുവാനും അവയെ സംബന്ധിച്ച തീരുമാനം വരുത്തുന്നതിനും സാദ്ധ്യതമാവുന്നുണ്ട്.

റഷ്യയും അമേരിക്കയുമായി യുദ്ധകാലത്തു മാത്രമല്ല സമാധാനകാലത്തും ഏകോപിച്ച പ്രവത്തനമുണ്ടാവുന്നതാണെന്നും ചർച്ചിൽ പ്രസ്താവിച്ചു. സഖ്യരാഷ്ട്രങ്ങളുടെ ഐക്യം സുദൃഢമായ ഒരടിസ്ഥാനത്തിന്മേലാണ് അധിഷ്ഠിതമായിരിക്കുന്നതു്. ഈ വാസ്തവത്തിൻെറ ഒരു ബഹിർപ്രകടനമാണ് ഈ ആഴ്ച ചർച്ചിൽ പാർലിമെണ്ടിൽ ചെയ്ത പ്രസംഗം. ആ പ്രസംഗത്തിൻെറ ഉള്ളടക്കത്തിലുള്ള വാസ്തവികമായ വീക്ഷണഗതിക്കും വികാരവിഹീനമായ അഭിപ്രായഗതികൾക്കും ചർച്ചിലിൻെറ ഏററവും വമ്പിച്ച വിമശകനും നന്ദിപറയുക തന്നെ വേണം.

## "സമയം വൈകി"

(കെ. സി. വിശാലാക്ഷി, പി. എം. കാത്ത്യായിനി.)

(അന്നനട)

ഉണരുവിൻ, വേഗമുണരുവിൻ വേഗ-
മുണത്തെഴുന്നേല്പിൻ ചുണയോടുകൂടി.
സമയം വൈകിപ്പോയ്, സമയം വൈകിപ്പോയ്
സമരഭൂവിലേയ്ക്കുണത്തീടുവാനായ്.
ചപലന്മാരാകും മൂഢീയജാപ്പുക-
ളെതൃക്കുവാനിതാവരുന്നു നമ്മളെ!
അണിനിരക്കുവിന, ണിനിരക്കുവിൻ
രണാങ്കണത്തിലേയ്ക്കിനികുതിക്കുവിൻ
അതീവകീത്തിയാന്നെഴുന്നമ്പ് ഭാരതം
അതിക്രമിയ്ക്കുവാനയോഗ്യർ ജാപ്പുകൾ
അരക്കാശിൻ പെൻസിലണയ്ക്കുവിററിവർ
വെറും കള്ളന്മാരായ് കഴിയുന്നോരല്ലേ?
കളിക്കോപ്പുകളെ ചമച്ചും ഭംഗിയിൽ
കണക്കില്ലാ ധനം കരത്തിലാക്കുന്നോർ
പരിപാവനമാം ഭരതഭൂമിയിൽ
പദമൂന്നീടുവാൻ കൊതിയ്ക്കും ജാപ്പുകൾ.
വെടിയുണ്ടകളോടെതിത്തുനില്ക്കുവാൻ
ദൃഢതരി പോകുക സഹജരെനമ്മൾ
കരങ്ങളന്യോന്യം പിടിച്ചുനമ്മൾപോയ്
കരിയാക്കീടണ മരികളെ ക്ഷണം
അതീവധീരരാം പിതാമഹന്മാരെ
അനുസ്മരിയ്ക്കുവിൻ പൊരുതുവിൻധീരം
സമരമെത്തിപ്പോയ്, സമയം വൈകിപ്പോയ്
സമരഭൂവിൽനാമുടനണയണം.
ശിവജിയാദിയാം രണധീരന്മാരാം
പരാക്രമമേറും നിരവധിയോധർ
പിറന്നനാടാണീമനോജ്ഞഭാരതം,
പരിലസൽസമ്പൽസ്സമൃദ്ധപൂരിതം
അതിനെയാകവേ കളങ്കമാക്കുവാൻ
ഒരുങ്ങിടാതെ, നാം എടുക്ക വാൾകൈയിൽ;
അരികളെ ഉരുതമൊടുക്കി നമ്മുടെ
ഭരതഭൂമിയെ സ്വതന്ത്രമാക്കുവാൻ!
സമയം വൈകിപ്പോയ്, സമയംവൈകിപ്പോയ്
സമരഭൂവിലേയ്ക്കണി നിരക്കുവാൻ!

## മുന്നോട്ട്

[കെ. ജി. പിള്ള]

(കുറത്തിപ്പാട്ട്)

വീരഭട! ഭാരതത്തിൻ ഭാഗ്യസന്താനമേ!
പാരിടത്തിൽ നിൻപുകൾവിലസിടട്ടെ നീണാൾ!
അനന്തമായിട്ടും സരളസൽകീത്തി അനല്പം നീ വരിക്കുന്നു,
നിനച്ചതുഞങ്ങളഭിമാനത്തിനാൽ പുളകച്ചാത്തണിയുന്നു:
ലോകയന്ത്രം നിൻകരത്തിൽത്തന്നെ തിരിയുന്നു,
ആകുലമൊഴിഞ്ഞുഞങ്ങൾ നിൻതണലിൽ വാഴ്വു!
പ്രഥിതംതാവകരണനിപുണത തെളിഞ്ഞുകാൺകയാലല്ലെ,—
പ്രഥിവിദേവിയാൾ പുളകംകല്ലോല നിരയാംപൊളിയാലാർന്നു
ധീര! നിൻെറയാളിശൈര്യം കാൺമതിന്നോ, നിന്നാൽ-
ഘോരമൃത്യുവാന്നിടുവോർ സംഖ്യ യെടുപ്പാനോ,
വിരിവുപൂക്കളിന്നതുലമോഹന തരങ്ങളൊന്നരണ്ടെന്നോയ്?
ഉരപ്പുനാന്ദിതൻ വിജയനാടകമതിന്നുപൂങ്കയിൽ ജാലം.
നിലവാനിൽ താരകാലിപികളാൽ നിറക്ക
മേലെഴും വിജയരേഖാ പത്രമതാ കാൺമൂ:
വിയത്തിലൂഴിയെയധ:കരിച്ചു നീ ഗമിച്ചുബോംമ്പുപൊഴികെ
അയുതമയുതമരികൾവെന്തുവെന്തവനി വേർപെടുന്നില്ലേ?
ദുമ്മദംകലന്നിടുന്ന ജാപ്പുഭടന്മാരെ
കമ്മഭൂമിക്കാതമജന്മാർ വെല്ലുവാൻകഴിവോർ
ഒരുമയോടുനാം പൊരുതുകൊൾകിലിപ്പെരിയപാരിടം തന്നിൽ
പരിചിൽകീത്തിയാം ധവളപ്പൂമ്പട്ടു വിരിച്ചുകൊണ്ടിടാംനൂനം:
അപജയമിഹഭവിക്കുകില്ലൊരു ലവവും ധീര! നിൻപോരിൽ
വിപത്ഭയംഒരെകളഞ്ഞു മുന്നോട്ടു കുതിക്ക വെററി വരിക്കാൻ!

## ആഴ്ചക്കുറിപ്പുകൾ

### ജമ്മനിയിലെ ബോമ്പാക്രമണം

കിഴക്കും പടിഞ്ഞാറും അച്ചുശക്തികൾക്കെതിരായി സഖ്യവിമാനസൈന്യം തെരുതെരെ ബോമ്പുകൾ വർഷിച്ചുവരുന്നു. 1940—41ൽ ജമ്മൻകാർ അവരുടെ വിമാനസേന മുഴുവനുംതന്നെ ബ്രിട്ടനിൽ ബോമ്പു വർഷിക്കുന്നതിന്നു ഉപയോഗിക്കുകയുണ്ടായി. എന്നാൽ ഇന്നു ജമ്മനിയുടെ മേൽ സഖ്യരാഷ്ട്രങ്ങൾ പൊഴിക്കുന്ന ബോമ്പുകൾ താരതമ്യേന വമ്പിച്ച തുകയിലുള്ളതാണ്. ആയിരക്കണക്കിൽ ബോമ്പുകൾ ജമ്മനിയിലെ സന്ദേശനിരകൾ, വ്യവസായശാലകൾ, തൊഴിൽശാലകൾ ഇവയെ ലക്ഷ്യം വെച്ചെറിയുന്നു. സഖ്യശക്തികൾക്ക് ഇങ്ങനെ ചെയ്യുന്നതിന്നു സുലഭമായ വിമാനങ്ങളുണ്ട്. കൂടാതെ വിമാനാക്രമണത്തിന്നു പററിയ താവളങ്ങളുമുണ്ട്. ജമ്മനിയിൽ എവിടെ ബോമ്പു ചെയ്യേണമെങ്കിലും അവക്ക് ഇന്നു സാദ്ധ്യമാണ്. ഉദാ: ഫിബ്രുവരി 21-ാംനു- ന്യൂറൻബർഗ്ഗിന്മേൽ 1,800 വിമാനങ്ങൾ 3,000 ടൺ ബോമ്പുകൾ വർഷിക്കയുണ്ടായി. അതിൻെറ പിറെറദിവസം ഇതിലും ഭയങ്കരമായ വിധത്തിൽ ജമ്മനിയിൽ ബോമ്പാക്രമണം നടത്തുകയുണ്ടായി. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും ജമ്മനിക്കു പുതിയ വമ്പിച്ച പ്രഹരങ്ങൾ നൽകണമെന്നുള്ള ക്രിമിയൻ സമ്മേളനത്തിലെ സംരംഭത്തെ പ്രയോഗികമാക്കുന്നതിന്നുള്ള ചില പ്രാരംഭ നടപടികളാണിതു്.

### ജമ്മൻകാരുടെ ഉന്മാദം എത്രകാലം നിലനില്ക്കും?

ഫിബ്രുവരി 24-ാംനു- മ്യൂനിക്കിൽവെച്ചു കുററവാളികളായ തൻെറ പഴയ കൂട്ടുകാക്കുവേണ്ടി ഹിററ്ലർ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ശ്രോതാക്കളായ അവർതന്നെ ആ പ്രസംഗത്തിൽ നെട്ടനിളെടുകിക്കുന്ന നൈരാശ്യത്തെ മനസ്സിലാക്കിയിട്ടുണ്ടായിരിക്കണം. വീണ്ടും വീണ്ടും ഉന്മാദം ആവശ്യമാണെന്നു ഹിററ്ലർ ഉദ്ബോധിപ്പിക്കുകയുണ്ടായി. "ഭ്രാന്തുപിടിച്ച പ്രതിരോധം . . . . ഭ്രാന്തുപിടിച്ചു ദൃഢനിശ്ചയം, ഉന്മാദപരമായ ഉറപ്പു്" ഇങ്ങനെ ഹിററ്ലർ ജമ്മൻകാരോടു ഭ്രാന്തുപിടിച്ചു് ആത്മഹത്യചെയ്യുവാൻ ആവശ്യപ്പെടുന്നു. ആയുധങ്ങളും സജ്ജീകരണങ്ങളും ഇല്ലാതെ എത്രമേൽ വിഭ്രേഷമുണ്ടായിരുന്നാലും യുദ്ധത്തിൽ ജയിക്കുവാൻ സാദ്ധ്യമല്ല. ജനറൽ ഐസൻഹോവർ പാരിസിൽവെച്ചു പത്രപ്രവത്തകന്മാരോടുള്ള ഒരഭിമുഖസംഭാഷണത്തിൽ പറയുകയുണ്ടായി: "ജമ്മനിയെ തോല്പിക്കുവാൻ ഒരൊററ മാർഗ്ഗമെ ഉള്ളു. ജമ്മനിയുടെ മദ്ധ്യപ്രദേശത്തുവെച്ചു റഷ്യൻസേനകളുമായി സഖ്യസേനകൾ യോജിക്കുക. എനിക്കാവശ്യമുള്ള വത്തമാനങ്ങൾ ഔദാര്യപൂവ്വം റഷ്യക്കാർ നൽകിയിട്ടുണ്ട്."

അങ്ങിങ്ങായി ചിന്നിച്ചിതറികിടക്കുന്ന ജമ്മൻസേനക്കു പോർ തുടരുന്നതിന്നു അത്യാവശ്യമായിവരുന്ന സന്ദേശനിരകൾ തകക്കപ്പെട്ടിരിക്കുന്നു. എന്ന കഥ ജമ്മൻകാക്കു വല്ലാത്ത തലവേദന ഉണ്ടാക്കിതീക്കും.

### ഇററലിയൻ രംഗത്തിലെ ഇന്ത്യൻ സേനകൾ

"സഖ്യസേനകളുടെ സവ്വതോമുഖമായ ശ്ലാഘയും ബഹുമാനവും ഇന്ത്യൻഭടന്മാർ സമ്പാദിച്ചിട്ടുണ്ട്. വിഷമം പിടിച്ച പരിതസ്ഥിതികളിൽ അവർ നേടിയ വിജയങ്ങൾ പ്രശംസനീയങ്ങളാണ്. ഇങ്ങനെയുള്ള സൈന്യങ്ങൾ തങ്ങളുടെ കീഴിൽ ഉണ്ടാകുന്നതു് ഏതൊരു സൈന്യാധിപന്നും ഒരന്തസ്സാണ്." ഇററലിയിൽ അഞ്ചാം സേനയുടെ നായകനായ ജനറൽ ലൂഡിൻ ട്രസ്സ്കോട്ടിൻെറ ഒരു പ്രസ്താവനയാണ് ഇതു്. ജനറൽ സർ ആഷ്ടൻ മെയിൽ (ഇന്ത്യാ ഓഫീസിൻെറ മിലിട്ടറി സക്രട്ടറി) ഇററാലിയൻ രംഗത്തിലെ ഇന്ത്യൻ സേനകളെപ്പററി ഇങ്ങനെ അഭിനന്ദിക്കുന്നു: "ഇന്ത്യൻ ഭടൻ ഒരു നല്ല യോദ്ധാവാണ്. എവിടേയും ഏതു കാലത്തും ഏതു സ്ഥിതികൾക്കിടയിലും പൊരുതുവാൻ സാധിക്കും." ഈ സൈനിക നേതാക്കന്മാർ ഇന്ത്യൻ സേനകൾ നിന്നു പൊരുതുന്നതു് നേരിട്ടുകണ്ടവരാണ്. മരുഭൂമിയിലും ഉഷ്ണത്തിലും അപ്പനയൻസിലെ മഞ്ഞുവീഴുന്ന മലപ്രാന്തങ്ങളിലും കാലാവസ്ഥയെ വകവെക്കാതെ ഇന്ത്യൻ യോദ്ധാക്കൾ പോരാടിയിട്ടുണ്ട്.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




### ബാഡിൻ ഖനികൾ ചൈനക്കാർ അധീനപ്പെടുത്തുന്നു

ബമ്മാസമരത്തിൽ ലഭിച്ച ഏററവും വലിയ ഒരു നേട്ടമാണ് ഫിബ്രുവരി 21-ാംനു- അഞ്ചാം ചൈനീസ് സേനാവിഭാഗം ലേഷിയോവിന്നരികിലുള്ള ബാഡിൻ ഖനികൾ കൈവശപ്പെടുത്തിയതു്. ഈ ഖനികളിൽനിന്നു 2,70,00,000 ക. വിലവരുന്ന ലോഹങ്ങൾ വർഷംതോറും എടുത്തുവരുന്നു. ഈയം, വെള്ളി, തുത്തനാകം, ചെമ്പു, നിക്കൽ, സ്വർണ്ണം ഇവയാണ് ഇവിടുന്നു കിട്ടുന്ന പ്രധാന ലോഹങ്ങൾ. ലോകത്തിലുണ്ടാവുന്ന ഈയത്തിൻെറ ആറിലൊരു ഭാഗം, വർഷംപ്രതി ഏതാണ്ടു 80,000 ടൺ ഇവിടുന്നാണ് ലഭിച്ചുവരുന്നതു്. 50-ാം ചൈനീസ് സേനാവിഭാഗം ലേഷിയൊവിലേക്കു ഇവിടെനിന്നു കുതിച്ചുവരുന്നു.

### ബമ്മക്കുമേൽ ഇന്ത്യൻ വിമാനങ്ങൾ

ആകാശസേനയാണ് വിജയത്തിൻെറ താക്കോൽ എന്നു ഈ ആഴ്ച തെളിയിക്കപ്പെട്ടിട്ടുണ്ട്. യൂറോപ്പിലെന്നപോലെ തന്നെ പൌരസ്ത്യ സമരമുഖത്തും ഇതു വാസ്തവമാണ്. അമേരിക്കൻ വിമാനങ്ങൾ ടോക്കിയോവിൽ തീജ്വാലകൾ ആളിച്ചുകൊണ്ടിരിക്കുന്നു. സഖ്യസേനാവിമാനങ്ങൾ റംഗൂണിൽ വമ്പിച്ചതോതിൽ ബോമ്പെറിഞ്ഞു. ബമ്മയിൽ മററു പല സ്ഥലങ്ങളിലും ബോമ്പാക്രമണം ഉണ്ടായി. ഈ ആക്രമണങ്ങളിലെല്ലാം തന്നെ ഇന്ത്യാവിമാനസേനക്കു വലിയ പങ്കുണ്ടു്. ഈ സന്ദർഭത്തിൽ 'ഐ. എ. എഫ്. ബമ്മമേൽ' എന്ന പുസ്തകത്തിലേക്കു നാം ശ്രദ്ധ ചെലുത്തേണ്ടതാണ്. പതിനൊന്നു വയസ്സു പ്രായം ചെന്ന ഇന്ത്യൻ വിമാനസേനയുടെ ചരിത്രത്തിലെ വിവിധ വശങ്ങളേയും ഈ പുസ്തകം രേഖപ്പെടുത്തുന്നു. ഇന്നത്തേയും നാളത്തേയും ഇന്ത്യക്കു അഭിമാനം കൊള്ളാവുന്ന വീരകൃത്യങ്ങളാണ് ഇന്ത്യൻ വൈമാനികന്മാർ പ്രദശിപ്പിക്കുന്നതു്.

### ക്രിപ്സിൻെറ കൃതജ്ഞത

ബ്രിട്ടനിലെ വിമാനനിമ്മാണമന്ത്രിയായ സർ സ്റ്റാഫോഡ് ക്രിപ്സ് മദിരാശി ഗവണ്ണരവർകൾക്കയച്ച ഒരു സന്ദേശത്തിൽ പറയുന്നു:

"മദ്രാസിലെ ജനങ്ങൾ നല്കിയ വിശിഷ്ട സംഭാവനയായ 10,000 പവൻ കൈപ്പററി ഞാൻ വീണ്ടും നന്ദിപറയട്ടെ. മദ്രാസ് ആർ. എ. എഫ്. വിഭാഗങ്ങൾക്കു നല്കിയ സഹായം വളരെ ഉപയോഗപ്രദമായിട്ടുള്ളതും അമൂല്യവുമാണ്. ഈ സഹായം എപ്പോഴും നന്ദിപുരസ്സരം ഓമ്മിക്കപ്പെടുന്നതാണ്."

## അലക്സിടോൾസ്റ്റോയ്

സോവിയററു റഷ്യയിലെ എണ്ണപ്പെട്ട ഒരു സാഹിത്യകാരനായ മി: അലക്സിടോൾസ്റ്റോയി യുദ്ധരംഗത്തിൽ വെച്ചു് നിര്യാതനായ വിവരം വ്യസനസമേതമാണ്, ഞങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു്.

ടോൾസ്റ്റോയുടെ സാഹിത്യ പ്രവത്തനങ്ങൾ വിശ്വവിശ്രുതങ്ങളാണ്. "പീററർ ഒന്നാമൻ," "കുതിരപ്പടയിലേയ്ക്കുള്ള പാതകൾ" എന്നീ പ്രസിദ്ധനോവലുകൾക്കു പുറമേ പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അലക്സിയ്ക്കു മരിക്കുമ്പോൾ 60 വയസ്സു കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു. ജമ്മൻകാരുടെ അക്രമങ്ങളെപ്പററിയും അഴിമതികളെപ്പററിയും അന്വേഷിച്ചറിയുന്നതിന്നു സോവിയററ് ഗവമ്മേണ്ടു രൂപീകരിച്ച കമ്മീഷണിൽ ഒരു പ്രധാന അംഗമായിരുന്നു ടോൾസ്റ്റോയ്. ജമ്മൻകാരുടെ നിഷ്ഠുരതകളെപ്പററി അദ്ദേഹം നിരവധി ലേഖനങ്ങളും ലഘുലേഖകളും എഴുതിയിട്ടുണ്ട്. അലക്സിടോൾസ്റ്റോയ് മരിച്ചു; പക്ഷെ, അദ്ദേഹത്തിൻെറ സാഹിത്യം എന്നും നിലനില്ക്കും.

## ലേഖകന്മാക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ)

## മാണ്ടലെയിലേക്കുള്ള മാഗ്ഗത്തിൽ



യിമവിലുള്ള ഈ കെട്ടിടങ്ങൾ മുമ്പു ജാപ്പുകാർ ഉപയോഗിച്ചിരുന്നവയായിരുന്നു. ജീപ്പിന്നടുത്തുള്ളതു് ഒരു ബോമ്പു കാർട്ടറാണ്.

## ആശ്വസിച്ചാലും!

(കെ. കെ. ജാനകി അമ്മ.)

(ഓമനക്കുട്ടൻ......)

ആശ്വസിച്ചാലു, മാശ്വസിച്ചാലും
വിശ്വമേയിനിമേലിൽ നീ.

തക്തവങ്കിലം താവകദേഹ -
ശുദ്ധമോഹനമാകാറായ്;

വഞ്ചനയുടെ നെഞ്ചിടിപ്പുകൾ
എങ്ങുമേനിലച്ചീടാറായ്;

മർത്ത്യനെ മർത്ത്യൻ കൊത്തിത്തിന്നിട്ടും-
നിഷ്ഠുരത്വമടങ്ങാറായ്;

ഇത്രനാൾ നമ്മൾ ചോരവീഴ്ത്തിയീ-
വിസ്മയോത്സവം കൈവരാൻ!

എങ്ങുമെങ്ങും വിടർന്നിട്ടുന്നതാ-
തുംഗമാം ജയകോരകം,
ലോലസൌരഭലാളിതാമല-
ശ്രീലസൌഭാഗ്യസുന്ദരം!

നിത്യശാന്തിതൻ പൂന്തണൽച്ചാർത്തിൽ-
സ്വസ്ഥജീവിത രീതികൾ,
സ്വപ്നവും കണ്ടുറങ്ങീടും നേര-
മെത്തിട്ടുമെനി വേഗത്തിൽ-

എത്രമേൽ മോദദായകമാകും
നിസ്തുലരമ്യമീരംഗം?

ആശ്വസിച്ചാലും വിശ്വമേ, ദീർഘ-
നിശ്വാസംമതി....നിർത്തീടാം.

വന്നടുക്കുന്നിതന്ത്യമാം ജയം
കന്നിരാച്ചന്ദ്രകാന്തിപോൽ.

കോരിവീഴ്ത്തീടുമായതിൻ രശ്മി-
പാരിലാമോദ ബിന്ദുക്കൾ.

ആ നിനവിങ്കൽ കൂടിയും വിടർ-
ന്നീടുമീ മന്നിൻ മാനസം!
പൊട്ടിത്തെറിച്ചു പോയിടുമാരും
പെട്ടെന്നിതൊക്കെയോർക്കവേ..!

ആശ്വസിച്ചാലും വിശ്വമേ, യിനി
വിശ്വാസപൂർവ്വം ജീവിക്കാം.

ചാരുസംഗീതമാധുരിപോലെ
യോമലാൾ ശാന്തി ദേവിയാൾ,
കാൽച്ചിലമ്പൊച്ചയാലുലകിടം
നർത്തനമാടിച്ചെത്താറായ്!

സഞ്ചിതാഭയായ് സഞ്ചരിച്ചെത്തും
മഞ്ജുളദിവ്യരൂപിണി,
നാളെ നമ്മളെ നാകലോകത്തിൽ
കേളിരംഗത്തിലെത്തിക്കാൻ!

സൌഖ്യസാന്ദ്രതയിക്കിളിയാക്കും
തൃപ്തരാം മർത്ത്യരാക്കുവാൻ!

## യോദ്ധാവ്

(പി. വി. മാധവ്.)

(കേക)

"മുന്നോട്ട്! മുന്നോട്ടെ"ന്നു നിർന്നിമേഷവുമെ
കണ്ണത്തിലോതുമാറുണ്ടേശ്യമേതോശക്തി! [ൻെറ
ആ മഹൽശക്തിയത്രേ മാമകഹസ്തങ്ങൾക്കു-
സീമാതീതമാം നവ്യചൈതന്യം കൊടുപ്പതും.

വിശ്രമിച്ചീടില്ല ഞാൻ, 'നിപ്പൺ'പ്പടകളെ
വിദ്ധ്വംസിച്ചുലകത്തിൽനിന്നൊടുക്കീടുംവരെ.

ഏതു നിഷ്ഠുരൻ നിരാധാരരാം ജനങ്ങളെ
നീതിയോർക്കാതെ "കൂട്ടക്കൊല"യാലൊടുക്കിയോ;

ഏതൊരക്രമിവർഗ്ഗം സാമ്രാജ്യദാഹാൽ പരി-
പൂതമാം ക്ഷേത്രങ്ങളെ പോർക്കളമാക്കിത്തീർത്തു,
ഹീനരാമെവർ തെല്ലു ദാക്ഷിണ്യം കാണിക്കാതെ,
മാനിനിമാർ ചാരിത്രധനത്തെ കവർന്നുവൊ;

ക്രൂരരാമെവരെൻെറ "പുണ്യഭൂവി"നെപ്പോലും
പോരതിൽ കൊള്ളയടിച്ചീടുവാനൊരുമ്പെട്ടോ;

അദ്രോഹിവൃന്ദത്തോടുപകരം ചോദിക്കേണം-
അട്ടിനം വരട്ടുന്നതാണെൻെറ കൃത്യംപൂർണ്ണം!

## വീണ ശത്രു വിമാനം

(കെ. പി. നായർ.)

സുരദേശവിഭാഗവുംപരം
കരകാണാത്തസമുദ്രതീരവും
നിലവിട്ടുപറന്നുപാഞ്ഞുവ-
ന്നനലക്ഷേപണതല്പരംതുഗോലാം. (1)

പലമാതിരി ചിന്തയൊത്തുനി-
ന്നലപോലുള്ള വിശിഷ്ടവിഗ്രഹം
നിലവിട്ട പകച്ചുവാനിലു-
ത്തുലയിപ്പായുമിതെന്തു നൗകയോ. (2)

അഖിലോപരി മേന്മയെത്തുവാ-
നഖിലം ചുട്ടുകരിക്കയോമതം?
സുഖമീധരതൻെറ മേലിലെ-
ന്നകമെയോർത്തു ചലിച്ചിതേകദാ. (3)

ഒരുവേദവു മോർത്തിടാതെയി-
ന്നരവർഗ്ഗത്തെ യൊടുക്കുവാനുടൻ,
ഉരയാർന്നിഹ പാഞ്ഞുടുത്തിടും
മറവിക്കില്ല വിശേഷസംശയം. (4)

അറികില്ലവ രാധമാദിയി-
ലറിയുംപിന്നെയൊരിക്കലേവരും
നരരീവിധമാചരിപ്പതിൻ
പരമാർത്ഥത്തെയറിഞ്ഞതില്ലയോ? (5)

ക്ഷിതിയിൽകൃതമാം പ്രവൃത്തികൊ-
ണ്ടതിലും ലബ്ധഫലം വിനിശ്ചയം
അതുതാനിഹലോകമാകവെ
സ്ഥിതിചെയ്യുന്നതചിന്ത്യവൈഭവം. (6)

പലനാളിതുപോലെവന്നു നിൻ
ചലനംകൊണ്ടു തകർത്തുലോകരെ
തലയിൽച്ചൊരിയുന്നൊരഗ്നിയാ-
ലലയുംനീയുമൊരിക്കലീവിധം. (7)

രണരീതികളാണിതെങ്കിലും
കനിവെന്നുള്ളതറിഞ്ഞുകൂടെയോ
നിനയാ—തുടരുന്ന ജീവിതം
തനിയെനാശമതിന്നു ഭാവിയിൽ. (8)

അറിവേറിന വേദവിജ്ഞരും
നിറയുംഭോഗ വിവത്തിലാർന്നിടും
ശരിയായ്പരിചിന്ത ചെയ്യുകിൽ-
ക്കുറയുംതെററു ഭവിച്ചിടാത്തവർ. (9)

ഫലമീവിധമാണതെങ്കിലും
നിലകാട്ടില്ല ജഗത്തിലജ്ഞരും
മലരായ് ജഗതിക്കുമുൻപിലും
ഖലർവാഴുന്നു വിചിത്രസൃഷ്ടിയോ? (10)

ധൃതനാമിവനെത്തിഭാരത-
ക്ഷിതിഭാഗത്തിലലഭ്യമട്ടിനം
കൊതിയാന്നഗ്നിവമിച്ചിടുന്നതാം-
ചതിയൻബോംബുകൾ വാരിവീഴ്ത്തുവാൻ.

പരിപാവന രാജ്യമാണിതെ-
ന്നറിയുന്നില്ല മഹത്വമീഖലൻ
പറകിൽപരമാർത്ഥമല്ലയോ
പരിധിക്കപ്പുറമോർമ്മവന്നിടാ- (12)

അഥവാപഴിവേണ്ട നിന്നിലു-
ദ്ധതകൊണ്ടിങ്ങിനെവന്നതായിടാം
മിതമാംപരിധിക്കുമേലിൽവ-
ന്നതുമാവാന്തജീവനാശനം. (13)

ബഹുബന്ധുസമേതനാണിവ-
നഹ! പാർത്തീടുകിലില്ലടുത്തവർ-
സഹവാസികളേവരുംവരാ-
സഹിതകർമ്മഫലങ്ങളാശ്രയം. (14)

അവനീവിധമന്നുവന്നതാ-
മവനീഭാഗവിമുക്തമത്ഭുതം
ശവമീസവിധത്തിലിന്നിതാ-
ദിവഭേദാന്തരശോഭിതമ്മുദാ. (15)

---

മാനുഷപാദസ്പർശമേല്ക്കാത്ത ഭയാനക-
കാനനം, പർവ്വതങ്ങൾ, നദികൾ, മരുക്കളും
ആകവെ കടക്കുംഞാനേതൊരുവിലങ്ങിന്നു-
മാകംകില്ലേതുമെൻ"ജൈത്രയാത്ര"യെത്തട
[ഞ്ഞീടാൻ.
ശത്രുതൻ ഭീമയന്ത്രത്തോക്കുകൾ ഗർജ്ജിച്ചോട്ടെ,
എത്രയും തുച്ഛം, പുച്ഛമാണെനിയ്ക്കുവയെല്ലാം
ദുർഗ്ഗമങ്ങളാം മാർഗ്ഗം കടന്നിട്ടവരുടെ
ദുർഗ്ഗങ്ങൾ പിടിക്കും ഞാനായുധം വെപ്പിച്ചീടും.

## യുദ്ധരംഗം

(കെ. എം. കിട്ടുണ്ണി)

(താരാട്ട്)


പൊട്ടിത്തെറിച്ചുപോയ് യുദ്ധ—ലോകം
ഞെട്ടിപോയ് ഭീതബന്ധം!
കണ്ണഞ്ചിട്ടും പട്ടണങ്ങൾ—എത്ര
മണ്ണടിഞ്ഞു, നൂറായിരങ്ങൾ!
അററമില്ലാത്തയോദ്ധാക്കൾ—ഉയി-
രററുവെണ്ണീറായ് യുവാക്കൾ!
പിഞ്ചുകിടാങ്ങൾ, പിതാക്കൾ—വൃദ്ധ-
സഞ്ചയം, മുഗ്ദ്ധാംഗനകൾ
യുദ്ധപ്പിശാചിൻെറ വായിൽ—പെട്ടു
ദഗ്ദ്ധാന്ധശോകം മരിച്ചു!!
വൈരികൾ വ്യാജംനിനച്ചു—നമ്മിൽ
വൈരാഗ്യം താനെയടിച്ചു
സത്യധർമ്മങ്ങൾ വെടിഞ്ഞു—നറും
മർത്ത്യസ്വഭാവം കളഞ്ഞു,
സാമ്രാജ്യ ദുർമ്മോഹമെങ്ങും—ശ്രമ-
സാദ്ധ്യമാണെന്നും കിളർന്നു
നീതിനിയമവുംവിട്ടു,—നമ്മെ
ഭീതിപ്പെടുത്താനടുത്തു
പ്രഖ്യാപനംചെയ്തു യുദ്ധം!—മററു
വ്യാഖ്യാനമെന്തു വിരുദ്ധം!!
വീരവാക്യങ്ങൾമുഴക്കി—ജർമ്മ-
നാരെയുംവെല്ലാനൊരുങ്ങി
ആളറിയാതെകളിച്ചു,—അതാ!
ചൂളിവിറച്ചു കിതച്ചു,
ചെന്നിരുപ്പാംയാത്രമുക്കിൽ—ഹിട്ലർ
ചെന്നിണംകണ്ടോരു നോക്കിൽ!
ഉള്ളിലോരൊന്നു നിനച്ചു—ജപ്പാൻ
തള്ളിച്ചുകൊണ്ടു കുതിച്ചു
മിത്രവർഗ്ഗത്തെയുമോർത്തു—ശക്തി-
യെത്രയുമുണ്ടെന്നു പാർത്തു
കുത്തിച്ചു തിർത്തുകളഞ്ഞു—വെടി-
ക്കെട്ടുകളെല്ലാം കഴിഞ്ഞു.
എന്തിനിവേണമെന്നോർത്തു—വക-
സന്താപമാന്നുവിയർത്തു!

## "ഉണരുവിൻ സഖാക്കളേ!"

(ടി. ആർ. മേനോൻ.)

ഉണരുവിൻ സഖാക്കളേ!
ചുണയോടേററു മുട്ടുവിൻ
നിണമൊലിച്ചിടാതെയിന്നു
വിജയലക്ഷ്മി കൈവരാ
ഭരതരാജ്യ വീരരെ!
കരളുറച്ച ധീരരെ!
വരികവരിക! ദുരിതമൂർത്തി
ഫാസിസം തുലക്കുവാൻ
ചതിയെഴാതെ മതിതെളിഞ്ഞു
മരണഭീതി വിട്ടുനാം
പ്രഥിതരായിവരണമിന്നു മഹിതരാം
സഖാക്കളെ!
അടരടിച്ചു ജാപ്പുസൈന്യമാ-
ക്കയും മുടിക്കുവാൻ
കടിലമതികൾ പാരിൽനിന്നു
സർവ്വരും നശിക്കുവാൻ,
മഹിതയജ്ഞ ഭൂമിയിങ്കലാടിനെ
യറുത്തിടും.
വടിവിലിന്നു ഹിററ്ലർതൻെറ
തലയറുത്തു തള്ളണം.
മരണമെങ്കിൽ മരണവും
വിജയമെങ്കിൽ വിജയവും
വരുവതിന്നു ത്വരിതമിന്നു
നമ്മളൊത്തിറങ്ങണം
തരുണരായ നമ്മളിന്നു
• മടിനിനച്ചു വാഴുകിൽ
ഭരണതന്ത്രമൊക്കെനാളെ
മരണതന്ത്രമായിടും
ഉണരുവിൻ സഖാക്കളെ!
ചുണയൊടേററു മുട്ടുവിൻ.
നിണമൊലിച്ചിടാതെയിന്നു
വിജയലക്ഷ്മി കൈവരാ.


## ശുദ്ധീകരണം!




## യൂറോപ്യൻ രംഗത്തിൽ മഞ്ഞുകാലം



കാലാവസ്ഥ ശീതമാണ്; പക്ഷെ തോക്കിന്നു ചൂടുണ്ടു്!



വേഷം മാറിയ ഭടന്മാർ ജർമ്മനിയിലേക്കു കടക്കുന്നു.



മരവിച്ചു മരംകോച്ചുന്ന മഞ്ഞിൽനിന്നുകൊണ്ടു കൺവോയ് പ്രവൃത്തി ചെയ്യുന്ന ഭടന്മാർ.



ഇററലിയിൽ, അഞ്ചാം സേനയിലെ ഭടന്മാർ പെട്രോൾ ഡ്യൂട്ടി ചെയ്യുന്നു.

# തൊഴിലാളികൾ നൽകുന്ന നേതൃത്വം

## സർവ്വരാജ്യതൊഴിലാളി സമ്മേളനത്തിൻെറ ചരിത്രപരമായ പ്രാധാന്യം

(എം. ഗോവിന്ദൻ.)

മനുഷ്യസമുദായത്തിൻെറ ശത്രുവായ ഫാസിസത്തോട്ടു, ആദ്യം മുതൽക്കു തന്നെ തൊഴിലാളി ജനത പ്രദർശിപ്പിച്ചതു് വിട്ടുവീഴ്ചയില്ലാത്ത സമരമനോഭാവമാണു്. കാരണം, ഫാസിസത്തിൻെറ സിദ്ധാന്തവും പ്രവൃത്തിയും ലോകത്തിലെ മർദ്ദിതജനതകളെ യാകമാനം വീണ്ടും മർദ്ദിക്കുവാനും, സ്ഥാപിത താല്പര്യക്കാരെ എന്നും സമുദായത്തിലെ യജമാനന്മാരാക്കി വെക്കുവാനും വേണ്ടിയാണെന്നു അവക്കു മനസ്സിലായി. നാസകൾ അധികാരത്തിൽ വരുന്നതിന്നുമുമ്പു തന്നെ ലോകത്തിലെ തൊഴിലാളി നേതാക്കന്മാർ ഈ സംഗതി ഉച്ചൈസ്തരം ഉൽഘോഷിക്കുകയുണ്ടായിട്ടുണ്ടു്. ഇററലിയിലെ ഇരുമ്പു പിടിച്ച ഭരണക്കൂടം മുസ്സോളിനിയെ അധികാരത്തിലേക്കു ക്ഷണിച്ചുവരുത്തിയപ്പോഴും തൊഴിലാളികൾ ആ കുതന്ത്രത്തെ ആക്ഷേപിക്കുകയും എതൃക്കുകയും ചെയ്തു. ചാരുകസേരയിൽക്കിടന്നു ഫാസിസത്തിൻെറ ദുഷ്ടതകളെപ്പററി വെടി പറയുകയല്ല അവർ ചെയ്തതു്. തങ്ങളുടെ മേൽ പിൻതിരിപ്പൻ ശക്തികൾ കയററിവെച്ച ആ മർദ്ദനവ്യവസ്ഥയ്ക്കെതിരായി അവർ രക്തംചൊരിഞ്ഞു പൊരുതി. അന്നു പലരും, അവരുടെ ആ സേവനത്തെയും, ധീര സമരത്തെയും, മുന്നറിയിപ്പിനേയും ശ്രദ്ധിച്ചില്ല. കാരണം ലോകത്തിലെ ജനകീയവാദികളെ ആ പറയപ്പെടുന്നവർകൂടി തൊഴിലാളിവർഗ്ഗത്തെ സംശയ ദൃഷ്ടിയോടെയാണു് വീക്ഷിച്ചിരുന്നതു്; തൊഴിലാളികളുടെ ഏതൊരു പ്രവത്തനവും രാജ്യദ്രോഹകരവും, അരാജകത്വപരവുമാണെന്നാണു് വ്യാഖ്യാനിച്ചിരുന്നതു്. ഫാസിസ്ററു വിരോധ സമരത്തിലെ ആ മുന്നണി വീരന്മാരുടെ വിവേകശീലവും, ത്യാഗബുദ്ധിയും ഇന്നും പ്രശംസനീയമായിത്തന്നെ നില്ക്കുന്നു.

ഫാസിസം സമുദായത്തെ ആകെ വിഴുങ്ങുന്ന ഒരു ചെകുത്താനാണു്, പുരോഗമനത്തിൻെറ പരമ വിരോധിയാണു്, കിരാതത്വത്തിൻെറ പുനരവതാരമാണു്. എന്നെല്ലാം പറയുന്നതു് അപകടം പിടിച്ച തൊഴിലാളി നേതാക്കന്മാർ വിളിച്ചു പറയുന്ന അരാജകങ്ങളായ മുദ്രാവാക്യങ്ങളല്ലെന്നു സംഭവപരമ്പരകൾ ലോകത്തിന്നു ബോദ്ധ്യമാക്കി. മുസ്സോളിനിയും, ഹിററ്ലരും, അവരുടെ കൂട്ടുകാരും യഥാർത്ഥനിറം പുറത്തു കാണിച്ചപ്പോൾമാത്രമേ എവിടേയ്ക്കാണു് ഈ പേക്കൂത്തു് നയിക്കപ്പെടുക എന്നു പലക്കും ബോദ്ധ്യമായുള്ളു. ഫാസിസം ആദ്യമായിത്തിരിഞ്ഞതു് തൊഴിലാളികളുടെ നേക്കു തന്നെയാണു്. അവക്കറിയാം, അവരുടെ ബദ്ധവൈരികൾ ആരാണെന്നു്. യൂറോപ്പിലെ തൊഴിലാളി പ്രസ്ഥാനത്തെ മുഴുവനും ഫാസിസ്ററു കൂളന്മാർ അടിച്ചമർത്തി; തൊഴിലാളി സംഘങ്ങൾക്കു തീ വെച്ചു; നേതാക്കന്മാരെ വേട്ടയാടി, കശാപ്പുചെയ്തു; സംഘം വക മൂലധനം പിടിച്ചുകററി; അവരുടെ പത്രങ്ങൾക്കു സ്വാതന്ത്ര്യം നിഷേധിച്ചു. അങ്ങിനെ ഫാസിസം ആദ്യമായിത്തന്നെ അതിൻെറ ഒന്നാം നമ്പർ ശത്രുവായ തൊഴിലാളികളോട്ടു യുദ്ധമാരംഭിച്ചു. ഹിററ്ലരും, മുസ്സോളിനിയും ജാപ്പാനും യുദ്ധമാരംഭിച്ചതു് ഇടക്കാലത്തുവെച്ചല്ല. അവർഅധികാരത്തിലെത്തുയന്നപ്പോൾ, ഭരണാധിപതികളായപ്പോൾ—എന്തിനു, അതിനുമുമ്പെത്തന്നെ—ലോകത്തിലെ ജനതയോടുള്ള യുദ്ധം ആരംഭിച്ചിരുന്നു. ആദ്യകാലങ്ങളിൽ ഈ കാട്ടാളന്മാർ, സ്വന്തരാജ്യത്തിലുള്ള പുരോഗമനശക്തികളെ മുഴുവൻ നശിപ്പിച്ചു. തൊഴിലാളി നേതാക്കന്മാർ മാത്രമല്ല, ഐൻസ്റ്റിൻ, ഫ്രോയിഡ് തുടങ്ങിയ വിശ്വവിശ്രുതന്മാരായ ശാസ്ത്രകാരന്മാരും, ഹെൻറിച്ച് മാൻ, തോമസ് മാൻ, ലിയോൺഫ്യൂക്ക്വാംഗർ, ഏർണസ്റ്റ് ടോളർ തുടങ്ങിയ പ്രസിദ്ധ സാഹിത്യകാരന്മാരുംകൂടെ നാടുകടത്തപ്പെട്ടു. ഇങ്ങിനെ നിരവധി പുതു സംഭവങ്ങൾ ഉത്ഭവിച്ചു. ലോകത്തിന്നു കാര്യം മനസ്സിലാവാൻ തുടങ്ങി. വിവേചനാശാലികളായ പല ധിഷണാശാലികളും തൊഴിലാളികളുടെ മുദ്രാവാക്യത്തെ അനുഭാവപൂർവ്വം വീക്ഷിക്കാൻ തുടങ്ങി. പൊതു ശത്രുവിന്നെതിരായി ഇടതുകക്ഷികൾ അഭിപ്രായവ്യത്യാസമെന്യേ സംഘടിക്കാനൊരുമ്പെട്ടു. ഫ്രാൻസിലും മററും "ജനകീയ മുന്നണി" പ്രസ്ഥാനം ആരംഭിക്കപ്പെട്ടു. ഈ പ്രസ്ഥാനങ്ങൾക്കെല്ലാം പിന്നിൽ തൊഴിലാളികൾക്കുള്ള പങ്കു കുറച്ചൊന്നുമല്ല.

ഫാസിസത്തിന്നെതിരായ സമരത്തിൽ മററൊരു ജനവിഭാഗവും അത്രമേൽ ഉഗ്രമായ വിധത്തിൽ പോരാടിയിട്ടില്ല. തൊഴിലാളി സംഘടനകൾ അവരുടെ പ്രസംഗവേദിയിലും, പത്രപംക്തികളിലുമായി എപ്പോഴും ഫാസിസത്തിന്നെതിരായി സംഘടിക്കുന്നതിന്നു് ജനസാമാന്യത്തിന്നു ആഹ്വാനം നൽകിയിട്ടുണ്ടു്. ഫാസിസത്തിൻെറ പ്രചരണങ്ങളാൽ വഞ്ചിതരായി വിപരീതം പ്രവർത്തിച്ചിരുന്നവരെ ശക്തിയായ ഭാഷയിൽ ശകാരിച്ചിട്ടുണ്ടു്.

"ഫാസിസം നശിക്കട്ടെ!" എന്ന മുദ്രാവാക്യം ലോകത്തിൻെറ ഏതൊരു മുക്കിലും മൂലയിലും അലയടിക്കാൻ തുടങ്ങി. സ്പെയിൻ, അബിസീനിയ, ചൈന, ഈ രാജ്യങ്ങളിലെ എല്ലാം ജനങ്ങൾ ഫാസിസത്തിൻെറ നീചമായ ആക്രമണത്തിന്നു വിധേയമായപ്പോൾ, തൊഴിലാളികളും അവരുടെ സംഘടനകളും ആ ജനങ്ങളെ ആവുംവിധം സഹായിക്കുന്നതിന്നായി മുന്നോട്ടു വന്നു. സ്പെയിനിൽ റിപ്പബ്ലിക്കൻ ഭാഗത്തുനിന്നു് വിരോചിതം പോരാടുകയും, മാഡ്രിഡിനെ ആറുമാസത്തോളം ശത്രുവാക്രമണത്തിൽനിന്നു രക്ഷിക്കുകയും ചെയ്ത 'അന്തർദേശീയ സേന'യെ (ഇൻറർനേഷണൽ ബ്രിഗേഡ്) പ്പററി ആരും കേട്ടിരിക്കാനിടയുണ്ടു്. തൊഴിലാളികളുടെ ഫാസിസ്ററു വിരോധം ആവേശകരമായ ഒരു മനോവികാരമായിരുന്നില്ല; അതു അവരെ സംബന്ധിച്ചേടത്തോളം ഒരു ജീവന്മരണപ്രശ്നമായിരുന്നു.

II

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളോളമായി തൊഴിലാളിവർഗ്ഗം നമുക്കു തന്ന മുന്നറിയിപ്പിന്നു നന്ദി പറയുക. ഫാസിസത്തിൻെറ യഥാർത്ഥ സ്വഭാവം ലോകത്തിന്നു മനസ്സിലായി; പ്രതിലോമകാരികളായ സ്ഥാപിത താല്പര്യക്കാരുടെ കുതന്ത്രങ്ങളും കുത്സിതവൃത്തികളും എങ്ങും പരസ്യമായി. അവയുടെ സാധുതയ്ക്കു് ഉപോൽബലകമാംവിധം ഫാസിസ്ററു സർപ്പം മനുഷ്യസമുദായത്തിൻെറ നേക്കു് ചീററിയടുത്തു. യുദ്ധം പ്രഖ്യാപിതമായി.

ഈ യുദ്ധത്തിൽ തൊഴിലാളികൾ ചെയ്ത സേവനവും ഗണ്യമായ ഒന്നാണു്. ഉല്പാദനവർദ്ധിപ്പിക്കുകമാത്രമല്ല, ഫാസിസത്തിന്നെതിരായി പ്രചരണങ്ങൾ നടത്തുകമാത്രമല്ല അവർ ചെയ്തതു്. ബ്രിട്ടൻ, റഷ്യ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ അവർ "പ്രതിരോധ സമരത്തിൻെറ രണ്ടാം നിര"യായി. ബ്രിട്ടനിലെ ഹോംഗാർഡ് അഥവാ ദേശരക്ഷാ സൈന്യം ചെയ്ത ത്യാഗങ്ങളും ജോലികളും ബ്രിട്ടൻെറ രക്ഷയ്ക്കു് എത്രയധികം സഹായിച്ചിട്ടുണ്ടെന്നു് പറയാൻ മേലാ. അതിൽ ഭൂരിഭാഗവും തൊഴിലാളികളായിരുന്നു. റഷ്യയിൽ തൊഴിലാളികൾ ചെയ്ത വീരകൃത്യങ്ങൾ നാമിന്നും കേട്ടുവരുന്നു. ഫ്രാൻസിലെ സമരസംഘങ്ങളിൽ, ഒട്ടധികം തൊഴിലാളികൾ ചേർന്നിരുന്നു. ഇന്നും അവർ ചെയ്യുന്ന സേവനങ്ങൾ വില മതിക്കാൻ മേലാ. ഫാസിസത്തിൻെറ ഉന്മൂലനാശത്തിന്നു എവിടെ, എന്തു, എപ്പോൾ വേണമെങ്കിലും ചെയ്യുന്നതിന്നു, ബദ്ധകങ്കണരായ ഒരു ജനതാവിഭാഗം തൊഴിലാളിവർഗ്ഗത്തെപോലെ ഉണ്ടായിട്ടില്ല. അതേ, തൊഴിലാളികളെ സംബന്ധിച്ചേടത്തോളം, ഫാസിസത്തിൻെറ ഉന്മൂലനാശമെന്നു വെച്ചാൽ, തങ്ങളുടെ രക്ഷ എന്നാണർത്ഥം. അവർ ആത്മരക്ഷയ്ക്കു, മററാരെപ്പോലെയും, എന്തും ചെയ്യാനൊരുക്കമായി.

ഏഷ്യാററിക്ക് രാജ്യങ്ങളിലെ സാംസ്കാരികമായ താഴ്ന്ന നില, വിപ്ലവ പാരമ്പര്യങ്ങളുടെ അഭാവം, സാമൂഹ്യവികാസത്തിൻെറ മന്ദഗതി, സാമ്പത്തികമായ അധഃപതനാവസ്ഥ, ഈ സംഗതികൾ മൂലം തൊഴിലാളിപ്രസ്ഥാനം തികച്ചും സജീവമായിട്ടില്ല. ഉള്ള സംഘടനകൾ തന്നെ സമുദായത്തിലെ മററുവിഭാഗങ്ങളുടെ നേതൃത്വത്തിൻെറ സ്വാധീനതയ്ക്കു വഴങ്ങുക കാരണം സ്വന്തം താല്പര്യങ്ങൾ പരിത്യജിക്കുന്നതിന്നു പലപ്പോഴും നിർബ്ബന്ധിതമായിട്ടുണ്ടു്. ഫാസിസത്തോടുള്ള അവരുടെ മനോഭാവത്തിന്നും ഇതുമൂലം വേണ്ടത്ര ഉഗ്രതയും ഓജസ്സും ഉണ്ടായിട്ടില്ല. ഉദാഹരണമായി, ഇന്ത്യൻ തൊഴിലാളികളുടെ ചില സംഘടനകൾ ഇന്നും യുദ്ധത്തോടു, ഫാസിസത്തിന്നു എതിരായ യുദ്ധത്തോടു നിഷ്പക്ഷ നിലയാണു് അനുവർത്തിക്കുന്നതു്! പരസ്പരവൈരുദ്ധ്യമുള്ള ഒരു നിലയാണിതു്. ഇന്നത്തെപ്പോലെയുള്ള ഒരു സമഗ്രയുദ്ധത്തിൽനിന്നു സമുദായത്തിലെ ഏതൊരു ഘടകത്തിന്നും വിട്ടുനില്ക്കാൻമേലാത്ത ഒരു പരിതസ്ഥിതിയിൽ, നിഷ്പക്ഷത നയം ഒന്നുകിൽ വങ്കത്തം, അല്ലെങ്കിൽ വഞ്ചനയാണു്. അതെന്തുതന്നെയായാലും തൊഴിലാളികൾക്കു അവരെ സംബന്ധിച്ച മൌലികകാര്യങ്ങൾ തന്നെ അറിഞ്ഞുകൂടെന്നും, തൊഴിലാളികളുടെ ശത്രുക്കളും ഫാസിസത്തിൻെറ ഒററുകാരും തൊഴിലാളി സംഘടനകളിൽ പ്രവേശിച്ചിട്ടുണ്ടെന്നുമാണു് ഈ സംഗതി പ്രത്യക്ഷമാക്കുന്നതു്. എന്നാൽ, അതേസമയത്തു, ഇന്ത്യൻ തൊഴിലാളികളിലും ആ ബോധം വളർന്നുവരുന്നുണ്ടെന്നതിന്നുള്ള ലക്ഷ്യങ്ങളുമുണ്ടു്. സ്ഥാപിത താല്പര്യക്കാരുടേയും, അവരുടെ പിൻതിരിപ്പൻ അഭിപ്രായങ്ങളുടേയും ശക്കടമുഷ്ടിയിൽനിന്നു സ്വയം സ്വതന്ത്രരാവുന്നതിന്നും, തങ്ങളുടെ ഉൽഗതിയ്ക്കുപയുക്തവും വ്യക്തവുമായ ചില നയങ്ങൾ രൂപീകരിക്കുന്നതിന്നും, പ്രചരിപ്പിക്കുന്നതിന്നും അവക്കു സാധിച്ചിട്ടുണ്ടു്.. 1942ൽ ആരംഭിച്ച "തുരപ്പൻ പ്രസ്ഥാന"ത്തെ തൊഴിലാളികൾ എതൃത്തു. സ്വന്തനാടിനെ അന്യക്കു് കാഴ്ചവെക്കാൻ നിന്ന രാജ്യവഞ്ചകന്മാരോടു് അവർ പൊരുതി. ഇന്ത്യാചരിത്രത്തിലെ ആ കരിപുരണ്ട സംഭവത്തെ പരാജയപ്പെടുത്തുന്നതിൽ ഇന്ത്യൻ തൊഴിലാളി കാണിച്ച ധീരത പ്രസ്താവ്യമാണു്. നാമെല്ലാം അക്കാര്യത്തിൽ അവരെ വന്ദിക്കുകതന്നെവേണം.

ആവേശമിളക്കുന്ന മുദ്രാവാക്യങ്ങളാൽ അവർ ആകൃഷ്ടഹൃദയരായില്ല; അനാശാസ്യമായ പ്രവർത്തനങ്ങളിൽ അവർ ഇടപെട്ടില്ല; സ്വരാജ്യത്തിൻെറ പേരിൽ ജാപ്പു ഫാസിസ്റ്റിനെ വിളിച്ചുവരുത്താൻ ഭാവിച്ചവരെ ദ്രോഹികളും വഞ്ചകന്മാരുമായി അവർ ഗണിച്ചു; മാത്രമല്ല, പുറംതള്ളി. തൊഴിലാളിസംഘടനകൾക്കെതിരായി ഈ രാജ്യദ്രോഹികൾ പ്രചരിപ്പിച്ച കെട്ടുകഥകളും, അസഭ്യങ്ങളും, അപവാദങ്ങളും ഈ സന്ദർഭത്തിൽ പ്രസ്താവ്യമാണു്. ഇന്ത്യയിലെ തൊഴിലാളികൾ അവരുടെ കരുക്കളാകാതെ സ്വന്ത കാലിൽ ഉറച്ചുനിന്നു അതാണു് അഞ്ചാംപത്തിക്കാരെ ശുണ്ഠി പിടിപ്പിച്ചതു്! അവർ നുണ സൃഷ്ടിക്കാൻ ശ്രമിച്ചു. ആ നുണകൾ വിഷവായുപോലെ പരത്തി അന്തരീക്ഷം ദുർഗ്ഗന്ധമയമാക്കാൻ നോക്കി. അങ്ങിനെ, ഫാസിസത്തിൻെറ ചാരന്മാർ ഇന്ത്യൻ തൊഴിലാളികളോടും അവരുടെ സമരം ആരംഭിച്ചു. അധികാരത്തിൽ വരും മുമ്പെ ജർമ്മനിയിലും, ഇററലിയിലും ഫാസിസ്റ്റുകൾ ഈ സമ്പ്രദായങ്ങൾ തന്നെയാണു് ഉപയോഗിച്ചിരുന്നതു്. പക്ഷെ ഇവിടുത്തെ ഭരണക്കൂടം ഈ വഞ്ചനകൾക്കു വശംവദമായില്ല. പോരിന്നുവേണ്ടി എന്തുംചെയ്തു. തൊഴിലാളികളുമായിട്ടും കൂടെ സൌഹാർദ്ദം സ്ഥാപിച്ചു. അഞ്ചാംപത്തിക്കാർ ഇക്കാര്യം അത്ര ആലോചിച്ചില്ല.

(ശേഷം 9-ാം പേജിൽ)

ചെറുകഥ :

# യുദ്ധസേവനം

(കെ. ജി. സേതുനാഥ്)

മദ്ധ്യാഹ്നമായപ്പോൾ ഞങ്ങളുടെ കപ്പൽ ജാവാ ദ്വീപിന്റെ ഉത്തരപാർശ്വത്തിൽക്കൂടി പോകുകയായിരുന്നു. ഞാനും, രാമുണ്ണിയും യുദ്ധത്തിന്റെ അഭ്യന്തരകലവികളെപ്പററി പലതും പറഞ്ഞുകൊണ്ട് കപ്പലിന്റെ മുകൾത്തട്ടിൽ കാററുകൊള്ളുകയാണ്. രാമുണ്ണി സ്വയമേ വളരെ സമർത്ഥനും, നല്ല ഫലിതജ്ഞനുമാണ്. അയാളുടെ സാമിപ്യസുഖത്തിൽ ഞാൻ എന്നെപ്പോലും വിസ്മരിക്കാറുണ്ട്.

ഞാൻ ചോദിച്ചു: "രാമുണ്ണി, ഈ യുദ്ധം കഴിഞ്ഞാൽ അടുത്തു നമുക്കു പിന്നെന്താ, ജോലി?" കാശിയിൽ പോയി ഉടലോടെ സ്വർഗ്ഗത്തു പോയേക്കാം അയാൾ ഉത്തരം പറഞ്ഞു.

"ഉടലോടെ സ്വർഗ്ഗത്തു പോകുന്നതിനു് കാശി വരെ പോകണമെന്നുണ്ടോ?"

"ഇല്ല, ഇപ്പോൾ ഇവിടെ വച്ചു വേണമെങ്കിലും അയച്ചേക്കാം." അയാൾ എന്നെ കടലിലേക്ക് കളിയായി ഒന്നു തള്ളി.

വീണ്ടും ഞാൻ ചോദിച്ചു: "അപ്പോഴേ, രാമുണ്ണി ഈ യുദ്ധം ഇനിയെന്ന് അവസാനിക്കും?"

"ഒരു സംഖ്യ പറയൂ! അല്പം ഗൗരവഭാവത്തിൽ അയാൾ ആവശ്യപ്പെട്ടു. "13" ഞാൻ സംഖ്യ പറഞ്ഞു. കുറച്ചു നേരത്തെ മൗനത്തിനു ശേഷം അയാൾ പറഞ്ഞു "അടുത്ത ജനുവരി മാസം ഒൻപതാം തിയ്യതി 2 മണിക്കു ജപ്പാനും, ജർമ്മനും സന്ധിക്കു സന്നദ്ധമാകും."

"ഹാ! എന്തൊരു ഗണിതം!" ഞാൻ അമ്പരപ്പോടെ അറിയിച്ചു.

രാമുണ്ണി: 'ഈയാളെ ഇപ്പോൾ ഒരു സൈന്യവുമായി ജർമ്മനിയെ ആക്രമിക്കാൻ അയച്ചുവെന്നു കരുതൂ. തന്റെ രണ്ടു വശവും ഭയങ്കര മലകൾ, മുൻവശം മഹാസമുദ്രം, പുറകിൽ ശത്രുസൈന്യം. അപ്പോൾ താനെന്തു ചെയ്യും?"

ഞാനെന്തു ചെയ്യുമെന്നോ? "ആ നിമിഷം ഉദ്യോഗം രാജിവെക്കും" ഞാൻ ചിരിച്ചുതലതല്ലി: "നിന്റെ തലയിൽ ഇടിവീണാലെ മതിവരൂ."

"ഇടിവീണാൽ സഹിക്കാമല്ലെടൊ: മഴയൊ മഞ്ഞൊ വീണു ജലദോഷം പിടിച്ചാലോ? സഹിക്കുമോ?" ഇത്രയുമായപ്പോഴാണ് 'ആൻഡ്രൂസ്' ചാടിക്കിതച്ചു അടുത്തു വന്നതു്.

"എന്താ! ഡാർളിൻ!" രാമുണ്ണി ചോദിച്ചു. എടാ പാപി: മരണം സമീപിച്ചെടാ. വേഗം കുഡുംബ ദേവതയെ ധ്യാനിച്ചൊ. അതാ ദൂരെ വെള്ളത്തിൽ എന്തൊ ഒരു ഭയങ്കരസത്വം കിടക്കുന്നപോലും, എല്ലാ പേരും അവരവരുടെ മുറികളിൽ ഇരുന്നുകൊള്ളാനാണ് ക്യാപ്ററന്റെ ആർഡർ. നീ ഇവിടെയിരുന്നൊ, കത്താവേ! എന്റെ മമ്മേ!" അയാൾ ഒരു ശ്വാസത്തിൽ അന്തംവിട്ടു പറഞ്ഞു തീർത്തു.

അപ്പോഴും രാമുണ്ണിക്കു ഒരു പാട്ടുവന്നു. 'വരട്ടെ, വന്നൽമൃത്ത ജപ്പാനടിച്ചു പായിപ്പാൻ' "പോടാ, പോ! പോയി ഹിററ്ലരോ മററൊ വരുന്നുവെങ്കിൽ വന്നറിയിക്കു്. അല്ലാതെ കണ്ടതും, കേട്ടതും, കേട്ടിറങ്ങാൻ രാമുണ്ണി ഒരു ഭീരു അല്ല. .., നടന്നൊ."...... ..

അല്പം കഴിഞ്ഞപ്പോൾ അതൊരു തകർന്ന കപ്പലിന്റെ അവശിഷ്ടമാണെന്നു ഞങ്ങളുടെ ദൂരദർശിനിക്കാർ റിപ്പോർട്ടു ചെയ്തു. ഏതായാലും ഈ സ്ഥലം കുറച്ചു ആപൽക്കരമാണെന്നും, സൂക്ഷിച്ചു ജാഗ്രതയോടെ പെരുമാറണമെന്നും നായകൻ താക്കീതു് ചെയ്തു. കുറച്ചു കൂടി കപ്പൽ അങ്ങിനെപോയി. അതാ: 'സബ്മറൈൻ, സബ്മറൈൻ,' ഒരു വിളി ഉച്ചത്തിൽ ഉയർന്നു. "തുലഞ്ഞെടാ! നിന്റെ തലകൂടി ഉള്ളതു് ഈ കപ്പലിന്റെ കഷ്ടകാലം" ആൻഡ്രൂസ് അരിശംകൊണ്ടു പറഞ്ഞു.

"ഭയമുള്ളവർ എന്നെപ്പൊതിഞ്ഞുനിന്നു കൊള്ളുവിൻ" ആ വിഡ്ഢി ഫലിതക്കാരൻ ആക്രോശിച്ചു.

ഠോ.... ഠേ.... അല്പ നേരത്തേക്കു് എന്താണു് നടന്നതെന്നു യാതൊരു രൂപവുമില്ല: സർവ്വവും അജ്ഞാനമായിരുന്നു. ഞങ്ങളുടെ മിഷ്യൻ ഗണ്ണുകാരും ഒട്ടും കുറച്ചില്ല........"

കണ്ണുതുറന്നപ്പോൾ, ചെറിയ മൂക്കും ചെറിയ കണ്ണുമുള്ള ഒരു തരം ചുവന്ന മനുഷ്യരെയാണ് മുന്നിൽ കണ്ടതു്. "എന്റെ രാമുണ്ണി! ആൻഡ്രൂസു" ഹയ്യോ! ദൈവമെ" ഞാൻ ഭയന്നു വിളിച്ചു പോയി.

* * *

ഞങ്ങൾ ഇരുപത്തിയേഴു പേർ അവരുടെ കസ്റ്റടിയിലാണ്. പാവപ്പെട്ട രാമുണ്ണി ഉടലോടെ സ്വർഗ്ഗത്തായിരിക്കാം. ഞാൻ ചിന്തിച്ചു. ആ കപ്പലിലെ നായകൻ ഒരു ചുരുട്ടും കടിച്ചുപിടിച്ചു വിജയോന്മുഖമായ ഒരു പ്രസരിപ്പോടുകൂടി എന്റെ അരികിൽവന്നു ഭുജത്തിൽ ഒന്നു തട്ടി. "ഭയപ്പെടേണ്ട. ഞങ്ങളും മനുഷ്യരാണ്" ആ കടിലൻ കുശലം പറഞ്ഞു.

"ഞങ്ങളെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതു്?." ഞാൻ അറിയാൻ ആഗ്രഹിച്ചു. "വേറെങ്ങു മല്ല. മനുഷ്യത്വവും, കാരുണ്യവും, സന്മാർഗ്ഗവും, സമത്വവും സമ്മേളിക്കുന്ന 'ടോക്കിയോവി' ലെക്കു്". "അയാൾ സാനുകമ്പം വിശദീകരിച്ചു. "ഇൻഡ്യാക്കാരെ ഞങ്ങൾ വളരെ യധികം സ്നേഹിക്കുന്നു. ആ സഹോദരങ്ങളുടെ പേരിൽ അളവററു് അനുതപിക്കുന്നു.. ആ പറച്ചിലിൽ പരമവഞ്ചനയുടെ മൃദുലഭാവങ്ങൾ ഒളിക്കുന്നുണ്ടായിരുന്നു. ദുശീയതയുടെ ദുർണ്ണാളവാശം മാത്രമാണ് ആ ദുഷ്ടൻ പ്രകടിപ്പിച്ചതെന്നറിവാൻ ആ കണ്ണുകളുടെ ചലനം മാത്രം മതിയായിരുന്നു. ഏതായാലും അവരുടെ പിടിയിലായിരിക്കുന്ന സ്ഥിതിക്കു് നമ്മുടെ ശ്രദ്ധതന്ത്രങ്ങളൊന്നും ഫലിക്കുമെന്നു ഞാൻ വിശ്വസിച്ചില്ല. എങ്കിലും ഞാൻ പറഞ്ഞു:

"സാറേ! ഞങ്ങൾ നാട്ടിന്റെ നന്മക്കു വേണ്ടി ഇറങ്ങിയവരാണ്. നിങ്ങളെ ഉപദ്രവിക്കണമെന്നോ, ജയിക്കണമെന്നോ ഞങ്ങൾക്കു വിചാരമില്ല. ജപ്പാൻകാർ വളരെ സഹൃദയന്മാരും, സൽബുദ്ധികളുമാണെന്നു് പണ്ടെ കേൾവിപ്പെട്ടിട്ടുണ്ട്." അറിയാവുന്ന മട്ടിൽ ഇംഗ്ലീഷും ഉർദുവുമായി ഞാൻ തട്ടിവിട്ടു. "വെരിഗുഡ്" അയാൾ കൃതജ്ഞതാപൂർവ്വം തോളിൽ വീണ്ടും, വീണ്ടും തട്ടിക്കൊണ്ടുപോയി.

എനിക്കു വളരെ ക്ഷീണമുണ്ടായിരുന്നു. നൂറു നൂറു്! ചിന്തകൾ എന്റെ മനസ്സിൽ കിടന്നു ചിതൽ പിടിച്ചു. ദാഹവും, വിശപ്പും അസഹനീയമായിരുന്നു. എങ്കിലും ആ വഞ്ചകന്മാരോടു ഞാൻ അതിനെപ്പററി ഒരക്ഷരം മിണ്ടിയില്ല. രാത്രിയുടെ അവസാനയാമത്തിൽ ഞങ്ങൾ ഏതോ ഒരു കപ്പൽ സങ്കേതത്തിൽ എത്തി. ഞങ്ങൾ ഇരുപത്തേഴ പേരും അവിടെ സജ്ജീകരിച്ചിരുന്ന ഒരു പ്രത്യേകവണ്ടിയിൽ കയറി. അതെങ്ങോട്ടോ പാഞ്ഞു.

* * *

അതൊരു ഭയാനകരംഗമായിരുന്നു. ഭൂമിയോ, പാതാളമോ എന്നു് എനിക്കു് ഇന്നു് നിശ്ചയമില്ല. ചത്തതും, ചാവുന്നതുമായ ധാരാളം മനുഷ്യരെ അവിടെക്കിടത്തീട്ടുണ്ട്. അതിന്റെ ദുർഗ്ഗന്ധവും, പല മുക്കിച്ച മരുന്നിന്റെ ഗ്യാസും കൂടി സമ്മേളിച്ച ഒരു നാററമാണ് അവിടെ അനുഭൂതമായതു്. കണ്ണാരുന്തദമായ ഒരു യന്ത്രത്തിന്റെ മന്ദ്രധ്വാനം അവിടെ മുഖരിതമായിരുന്നു. ദൂരത്തായി മനുഷ്യരക്തം വെള്ളച്ചാട്ടം പോലെ കുഴൽവഴി ഇരച്ചുപായുന്നുണ്ട്. ഞാൻ നിന്നിരുന്നതിനു് വലതു പാർശ്വത്തിലായി അചേതനങ്ങളായ വെറും തലകൾ കണക്കിലേറെ കൂട്ടിയിട്ടിട്ടുണ്ട്. കയ്യുകൾമാത്രം മുറിച്ചു നമ്പറിട്ടു ഒരു ഭാഗത്തു തൂക്കിയിരിക്കുന്നു. അങ്ങോട്ടുമിങ്ങോട്ടും പല ശരീരങ്ങളേയും വഹിച്ചുകൊണ്ടു് പലരും കൃത്യനിരതരായി നടക്കുന്നുണ്ട്. ഒരുവൻ എന്റെ മുഖത്തു നോക്കി ഒന്നു പല്ലിളിച്ചിട്ടു കൂട്ടുകാരനോടു എന്തോ പറഞ്ഞു. അയാളും അലസമായി എന്നെ ഒന്നു നോക്കിയിട്ടു പോയി.

സന്മാർഗ്ഗനിരതരും, ശാന്തമതികളുമായ ജപ്പാൻകാരുടെ തനി നിറം ഞാൻ അവിടെ കണ്ടു. സാക്ഷാൽ നരകംതന്നെയായിരുന്നു അവിടം. പച്ചമാംസങ്ങൾ വെന്തുനാറുന്ന നാററം അതിനു മകുടം ചാർത്തി. രൗരവവും അന്ധതാമിസ്രവുമൊന്നും ഇത്ര ഭീതിതങ്ങളായിരിക്കയില്ല. ഞാൻ മനസാ പ്രതിവചിച്ചു.

ഞങ്ങളെക്കൊണ്ടുപോയ ആൾ കുറച്ചു നമ്പർ കാഡുമായി പ്രത്യക്ഷപ്പെട്ടു. അടുത്തുവന്നു അവ ഓരോന്നും ഞങ്ങളുടെ ഉടുപ്പിൽ പിൻചെയ്തിട്ടുണ്ട്. അയാൾ വീണ്ടും അകത്തേക്കുപോയി. ഒരു തടിച്ച മനുഷ്യനാണ് പിന്നീടു സമീപിച്ചതു്. 'ചിത്രഗുപ്ത'നായിരിക്കണം അയാൾ. ഞങ്ങളെ ശരീരത്തിന്റെ ചൂടും രക്തവും മററും പരിശോധിച്ചു ഓരോ മുറിയിലേക്കു ആനയിച്ചു.

എന്റെ നമ്പർ 13 ആയിരുന്നു. കഷ്ടം ആ പാവപ്പെട്ട രാമുണ്ണിയോടു ഞാൻ പറഞ്ഞ സംഖ്യയിതായിരുന്നുവല്ലൊ? ആ വികടന്റെ രൂപം ഞാൻകണ്ടു. "രാമുണ്ണി" അറിയാതെ ഞാൻ വിളിച്ചുപോയി.

ഞാൻ പ്രവേശിച്ച മുറിയിൽ ആറുപേർ കിടക്കുന്നുണ്ടായിരുന്നു. ഒരൊററ നോക്കിൽതന്നെ അവരെല്ലാം ജഡമാത്രരാണെന്നു ഞാൻ മനസ്സിലാക്കി. അതിന്റെ ഒരു മൂലയിൽ ഒഴിഞ്ഞുകിടന്നിരുന്ന ഒരു കട്ടിലിൽ എന്നോടു കിടന്നുകൊള്ളുവാൻ ആയാൾ ആവശ്യപ്പെട്ടു. എന്നെ എന്തുചെയ്യാൻപോകുന്നു? ഞാൻ ആശാഭരിതനായി ചോദിച്ചുപോയി. 'ശ്' ഇതായിരുന്നു ഉത്തരം. ഞാൻ കിടക്കാൻ ഭാവിച്ചപ്പോൾതന്നെ അയാൾ എന്തൊ ഒരു ബട്ടണിൽ വിരലമർത്തി. അവിടെ ഒരു ഗന്ധം പരന്നു. ക്രമേണ എന്റെ കണ്ണുകൾ മങ്ങി, മരണം അനുഭവിക്കുന്നതുപോലെ തോന്നി. ആയിരം അന്ധകാര ലോകങ്ങൾ മുന്നിൽ ഉരുണ്ടുപോയി. ചെവിക്കുള്ളിൽ ഒരു 'ഹ്രീം'കാര ശബ്ദം മുഴങ്ങി. പല്ലുകൾ തരിപ്പെട്ടു. ദേഹം ഒന്നു വിയർത്തു. "എന്റെ വൈക്കത്തപ്പാ" ഞാൻ പ്രാർത്ഥിച്ചു. .. .. സർവ്വം ശൂന്യം. .. .. എപ്പോഴാണ് കാർമ്മവീണതെന്നറിയാൻ പാടില്ലെങ്കിലും കണ്ണുമിഴിച്ചപ്പോൾ അടുത്തുകിടന്നിരുന്നവരിൽ ഒരാളൊഴികെ ബാക്കിയുള്ളവരെ കണ്ടിരുന്നില്ല. അവരെവിടെയൊ?

ഞാൻ ചാടി എണീററു ആ മൂടിക്കിടന്ന മനുഷ്യനെ പരിശോധിച്ചതിൽ രണ്ടു കയ്യും വെട്ടി എടുത്തിരിക്കുന്നതായികണ്ടു. ഞാൻ ഭയന്നില്ല

---

(8-ാം പേജിൽ നിന്നു)

ഇന്നു് വിജയം ഏതു ഭാഗത്താണ് എന്നതിൽ യാതൊരു സംശയത്തിന്നും അവകാശമില്ല. ഫാസിസം അടിതകർന്നു കഴിഞ്ഞു. കുറച്ചിടകൊണ്ടും യുദ്ധം അവസാനിക്കും. അതിന്നുശേഷമുള്ള പ്രശ്നങ്ങൾ വളരെ പ്രധാനവും പ്രഥമഗണനീയവുമാണ്. യുദ്ധത്തിൽ വിജയം സുനിശ്ചിതമായതോടുകൂടി, യുദ്ധാനന്തര ലോകവ്യവസ്ഥക്കു മുൻഗണന ലഭിച്ചുതുടങ്ങിയിരിക്കുന്നു. ഇതേവരേയും, സമരാവേശിതമായി മാത്രം നിന്നിരുന്ന ഐക്യരാഷ്ട്രങ്ങളിൽ, പുനഃനിർമ്മാണപ്രശ്നങ്ങൾ വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. സഖ്യരാഷ്ട്രങ്ങളിലെ നേതാക്കളും ജനങ്ങളും അവയെപ്പററി ആലോചിച്ചു അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. യുദ്ധത്തിൽ ആർ അധികം പങ്കെടുക്കുന്നുവൊ, അവരായിരിക്കണം, അഥവാ ആയിരിക്കും സമാധാനദശയിലെ വിധികർത്താക്കൾ. ഈ മാനദണ്ഡം വെച്ചുനോക്കുമ്പോൾ തൊഴിലാളികൾക്കു, സമാധാനകാലത്തുള്ള സ്ഥാനവും അസൂയാർഹമായ ഒന്നാണ്. ഇങ്ങിനെയുള്ള ഒരു പശ്ചാത്തലത്തിൽ അഖിലലോകതൊഴിലാളിസമ്മേളനം ചേർന്നതിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാണല്ലൊ.

(തുടരും)

എന്റെ നെഞ്ചത്തു കുത്തിയിരുന്ന നമ്പർ ആ ശരീരത്തിൽ തറപ്പിച്ചു ആയാളെ ഒരുവിധം പണിപ്പെട്ടു എന്റെ കട്ടിലിലേക്കു മാററിക്കിടത്തി. അയാളുടെ കട്ടിലിൽ കയറി മൂടിക്കിടന്നു . . . .

അവർ എന്നേയും ചുമന്നുകൊണ്ടുപോയി. ആഹ്ലാദഭരിതരായി, വെടിപറഞ്ഞുംകൊണ്ടാണു് ആ വാഹകന്മാർ നടന്നിരുന്നതു്. വളരെ നേരത്തെ യാത്രക്കുശേഷം അവർ എന്നെ ഒരു യന്ന ശബ്ദത്തോടെ തറക്കിട്ടിട്ടു തിരിഞ്ഞുപൊലും നോക്കാതെ നടന്നുകഴിഞ്ഞു. കാറലൊച്ച തീർന്നപ്പോൾ ഞാൻ കണ്ണുതുറന്നു. അതൊരു മലംചരിവാണു്. വളർന്നു കൊഴുത്ത പല വൃക്ഷങ്ങളും അവിടുണ്ടു്. നമ്മുടെ നാട്ടിലെ ആനപ്പരുത്തിയുടെ ആകൃതിയിൽ ഒരുതരം ചെള്ളച്ചെടികൾ ധാരാളം കാണാമായിരുന്നു. പലതരം ജന്തുക്കൾ മനുഷ്യമാംസങ്ങളെ കൊത്തിവലിച്ചു ഭക്ഷിച്ചുകൊണ്ടു കഴിയുന്നുണ്ടു്. വെളുത്ത അസ്ഥികൾ ഒരു വെള്ളിമലപോലെ കുമ്പാരം കുന്നിക്കിടക്കുന്നതായി കാണപ്പെട്ടു. ഞാൻ വളരെ പണിപ്പെട്ടു ആ ദുർഗ്ഗന്ധമലീമസമായ പശ്ചാത്തലത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. സമയം സന്ധ്യ കഴിഞ്ഞിരുന്നു. ശിഷ്ടനും, ഉഷ്ണനും ഒരുപോലെ ആനന്ദത്തെ പ്രദാനം ചെയ്യുകൊണ്ടു പഞ്ചമിക്കല ദൂരത്തിൽ വൃക്ഷശിഖരങ്ങളിൽ വെഞ്ചി വീശിത്തുടങ്ങി. ആ അമ്പിളിക്കതിരേൽക്കെ ഞാൻ എന്റെ ദുരവസ്ഥകളെ വിസ്മരിച്ചുപോയി. പച്ചപിടിച്ച കേരളവും ശീതളപവനനും, മല്ലികാമണവും, ഹേമന്തരാത്രികളും മുന്നിൽ പ്രകടമായി. കുന്നും വയലും പിന്നിട്ടു എന്റെ കൊച്ചുനിലയനവും, സഖാക്കളും എല്ലാം മുന്നിൽ കണ്ടു. ഞാൻ പട്ടാളസേവനത്തിന്നു കച്ചകെട്ടിയിറങ്ങിയ ആ ദിവസം, കണ്ണീരൊലിപ്പിച്ചു, മുഖവും വീപ്പിച്ചു, തന്റെ ഓമനക്കിടാവിനേയും പേറിക്കൊണ്ടു പടിക്കൽ നില്ക്കുന്ന കല്യാണിയുടെ കമനീയരൂപം, ഞാൻ ഹൃദയം നൊന്തു കണ്ടു. അല്പനേരം ആ ആനന്ദാനുഭൂതിയിലേക്കു എന്റെ കിനാവുകൾ ഓടിക്കളിക്കയായിരുന്നു. “ആരടാ അതു്?” പിന്നിൽനിന്നു ഒരധികാരപ്രമത്തത ഗർജ്ജിച്ചു. ഞാൻ ഞെട്ടിപ്പോയി. കണ്ട നിലാവും, ആനന്ദവുമെല്ലാം മറഞ്ഞു. എല്ലാം യാഥാർത്ഥ്യമായി രൂപാന്തരപ്പെട്ടു, ഒരു ഭടനാണതെന്നു മനസ്സിലാക്കാൻ കൂടുതൽ സമയം വേണ്ടിവന്നില്ല. അയാൾ ഒരു കുതിരപ്പുറത്താണു് ഇരുന്നതു് “നീയാരു്?” അയാൾ വീണ്ടും ചോദിച്ചു. പക്ഷെ എന്റെ നാക്കുപൊന്തിയില്ല. ഞാൻ സർവ്വശക്തികളും ഉപയോഗിച്ചുനോക്കി. എന്റെ നാവു മരവിച്ചിരുന്നു. കൈകാലുകൾ വിറക്കുന്നുണ്ടായിരുന്നു. എന്തെങ്കിലും ഞാൻ ഒരുവിധം തീവ്രശ്രമം ചെയ്തു, അവസാനമായി, ആശാഭരിതമായി ഒന്നു താണു് തൊഴുതു്. ജീവിതത്തിലെ അഭിവാഞ്ഛയും, തൽക്കാലമുള്ള എന്റെ ബലഹീനതയും, അഭയപ്രതീക്ഷയും, ഞാനാതൊറക്കത്തിൽ സംഗ്രഹിച്ചിരുന്നു, ആ വഞ്ചകനുണ്ടോ, ആ മൃഗമുണ്ടോ അതറിയുന്നു അയാൾ എന്റെ നേക്കു ഒരു കൈത്തോക്കു നീട്ടിക്കൊണ്ടു് പറഞ്ഞു. “ഉം, നടക്കു മുൻപോട്ടു്. ശബ്ദിക്കരുതു്.” പ്രാണപ്രീതിമൂലം ആജ്ഞാലംഘനത്തിന്നു ഞാൻ ഒരുമ്പെട്ടില്ല. എങ്കിലും മനുഷ്യോചിതമായ ഒരഭിനിവേശം എന്നിലങ്കുരിച്ചു. “എങ്ങോട്ടു . . . നട . . . ക്കണം” ഒരുവിധം പറഞ്ഞൊപ്പിച്ചു. “മുൻപോട്ടു” ആ ഭയങ്കരൻ കൂസാതെ പറഞ്ഞു. . .

അവിടെ എത്തിയ ഉടൻതന്നെ അയാൾ കുതിരപ്പുറത്തുനിന്നും താഴേയിറങ്ങി. ആ വള്ളിക്കുടിലിലേക്കു മറഞ്ഞു. ഒരു വെള്ളക്കുതിരയോടുകൂടി വീണ്ടും അയാൾ എന്റെ സമീപത്തുവന്നു. എന്റെ ഹൃദയസ്പന്ദനങ്ങൾ ധൃതിയിൽ കൊട്ടുന്നുണ്ടായിരുന്നു. അനന്തരകരണീയമെന്തെന്നറിവാൻ ഞാൻ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചു. അയാൾ പറഞ്ഞു: “മി. ദാസ്, ഇങ്ങോട്ടു നോക്കു, ഞാൻ നിങ്ങളുടെ പഴയ രാമുണ്ണിതന്നെ. ഭയപ്പെടേണ്ടി വരു. ഈ കുതിരപ്പുറത്തു കയറൂ.” എനിക്കു എന്റെ ശ്രവണേന്ദ്രിയങ്ങളെ വിശ്വസിക്കാൻ തോന്നിയില്ല മായയൊ, സ്വപ്നമോ, ഞാൻ എവിടെയാണു് ? രാമുണ്ണി! നീ ഭൂതമാണോ അയ്യോ നീ മരിച്ചില്ലെ ? എന്നെ ഉപദ്രവിക്കരുതേ, നീ പോയ്ക്കൊള്ളു. എനിക്കു നിന്നെ ഭയമാകുന്നു. വെറുപ്പു തോന്നുന്നു ഹാ! . . . .”

ഞാൻ രാമുണ്ണിയുടെ അങ്കതലത്തിൽ കിടക്കുകയായിരുന്നു. അയാൾ പറഞ്ഞു: “മി. ദാസ്, വേഗമാവട്ടെ. ഇനി ഒരു നിമിഷവും താമസിക്കാൻ പാടില്ല. താമസിച്ചാൽ നാം ശത്രുക്കളുടെ പിടിയിലാവും. ജീവഹാനി നിശ്ചയം. ഇവിടെ അടുത്തു ‘കിയോട്ടൊ’ നഗരത്തിന്ന് വടക്കു ഒരു മലയിടുക്കിൽ നമ്മുടെ ആളുകൾ രഹസ്യമായി വന്നിട്ടുണ്ടെന്നു കേട്ടു. വേഗം ഈ കുതിരയിൽ കയറിക്കൊള്ളൂ നമുക്കു അവിടെ എത്താം. വിശേഷങ്ങളെല്ലാം ഒടുവിൽ. ഉം, കയറൂ.”

ഞങ്ങൾ ഒരു ഊടുവഴിയിൽ കൂടി അതിവേഗം കുതിരകളെ പായിച്ചുപോയി. പോകുന്ന പോക്കിൽ രാമുണ്ണിയെ മനസാ ഞാൻ വാഴ്ത്തുന്നുണ്ടായിരുന്നു. ഒരക്ഷരംപോലും ഞങ്ങൾ സംസാരിച്ചിരുന്നില്ല.

ഞാൻ യാദൃച്ഛികമായി എന്റെ ഉടുപ്പിലൊന്നു നോക്കി. കഷ്ടം! ആ കൈമുറിച്ച മനുഷ്യന്റെ—അവൻ ജപ്പാൻകാരൻതന്നെ ആയിരുന്നു—യുദ്ധത്തിൽ ഒരു കാലും, കണ്ണും പോയതിനാൽ, അയാളുടെ കൈ, അതില്ലാത്ത മററു ഭടന്മാരുടെ ഉപയോഗത്തിന്നു വെട്ടി എടുത്തിരിക്കയായിരുന്നു ചെയ്തതു്. ഞാൻ അയാളെ എന്റെ കിടക്കയിലേക്കു മാററിയ അവസരത്തിൽ അതിൽനിന്നും ഒരു ലക്കോട്ടു തറയിൽ വീണു. അതിനെ ഞാൻ എന്റെ പോക്കററിൽ സൂക്ഷിച്ചിരുന്നു. അയാളുടെ പ്രേമഭാജനത്തിന്റെ ഒരെഴുത്തും, ജപ്പാനിലെ പ്രധാനപ്പെട്ട ഊടുവഴികളുടെ ഒരു പ്ലാനും അതിനകത്തുണ്ടായിരുന്നു. ഞാൻ ആ പ്ലാൻ രാമുണ്ണിയെ ഏല്പിച്ചു. പ്രേമലേഖനത്തെ നിവത്തി തന്നത്താൻ ഒന്നു വായിച്ചു അതിപ്രകാരമാണു്:

“പ്രിയ ഭർത്താവേ!

ഇവിടെനിന്നും പോയതിന്നുശേഷം എന്നെയും കുഞ്ഞുങ്ങളെയും മറന്നുവെന്നു തോന്നുന്നു. ഒരെഴുത്തോ പണമൊ ഇതുവരെ വന്നുചേർന്നിട്ടില്ല. നാട്ടിലെ ദാരിദ്ര്യം അങ്ങേക്കു അറിവുള്ളതാണല്ലൊ ? മഹാശക്തികളായ ബ്രിട്ടനോടും, അമേരിക്കയോടും മല്ലടിച്ചു ജയിക്കാമെന്നു നമ്മുടെ കൊയിസോ വിചാരിക്കുന്നുവെങ്കിൽ അതൊരു മൌഢ്യമല്ലെ. പട്ടാളസേവനം ചെയ്യുന്നവക്കു ശരിക്കു ശമ്പളമൊ ആഹാരമൊ ലഭിച്ചില്ലെങ്കിൽ നിങ്ങൾ എത്രകാലം പോരടിക്കും ?

തോല്ക്കുകയൊ കീഴടങ്ങുകയൊ ചെയ്യുന്ന സമാധാനരംഗത്തെ ഞാൻ പ്രാർത്ഥിക്കുന്നു. നാം ചൈനയോടു എതിരിടുന്നതുപോലെയാണൊ, ഇതു് ? കുട്ടികൾക്കു നിക്കറോ, ചെരിപ്പൊ ഇല്ലാത്തതിനാൽ അവർ സ്കൂളുകളിൽ പോകുന്നില്ല. കഴിയുന്നതും വേഗം സേവനം നിറുത്തി പോരുക.

എന്നു സ്വന്തം . . . .”

ഈ എഴുത്തിൽനിന്നും ജപ്പാനിലെ അഭ്യന്തരസ്ഥിതിഗതികൾ നമുക്കു മനസ്സിലാക്കാമല്ലൊ. പ്രഭാതമായപ്പോഴേക്കും ഞങ്ങൾ “കിയോട്ടൊ” യുടെ ഉത്തരപാർശ്വങ്ങളിലെ വടക്കു മലഞ്ചരിവിലെത്തി. സന്തോഷവും, സന്താപവും കലന്ന മനോവേദനയോടെ ഞങ്ങൾ രണ്ടാളും കുറച്ചു ദൂരം കൂടി സാവധാനം കുതിരകളെ പായിച്ചുപോയി. അതാ, അകലെ നമ്മുടെ കൂടാരം കാണുന്നുണ്ടു്. ഞങ്ങൾ ആരാണെന്നു അറിവാൻ അവർ വെമ്പുകയാണു്. ആയുധപാണികളായ നാലു ഭടന്മാർ അവിടെനിന്നും ഞങ്ങളുടെ നേക്കു തോക്കു ചൂണ്ടി. രാമുണ്ണി അയാളുടെ വെള്ളക്കൈലേസ് എടുത്തു ഉയത്തി വീശി സ്വന്തം മിത്രങ്ങളാണെന്നു അറിയിച്ചു.

അവിടെ ഞങ്ങൾക്കു കിട്ടിയ സ്വാഗതം അപാരമായിരുന്നു അവർ ഞങ്ങളെ വാനോളം വാഴ്ത്തി. അടുത്ത ദിവസംതന്നെ അവിടത്തെ ആഫീസർ ഞങ്ങളിൽ ഏററവും സമത്ഥനായ ഒരാൾ ‘വിക്ടോറിയാ ക്രോസി’ന്നു അഹനാണെന്നും രണ്ടുപേരും അതിന്നു തയ്യാറായി ലണ്ടനിൽ ചെല്ലണമെന്നും അറിയിച്ചു. പ്രത്യേകം സജ്ജീകരിച്ചിരുന്ന ഒരു വിമാനത്തിൽ ഞങ്ങൾ ലണ്ടനിലെത്തി. ആഹ്ലാദതിരക്കോളിൽ ആമഗ്നരായിക്കഴിഞ്ഞു.

അതിവിശാലമായിരുന്നു ആ മുറി. സാമ്രാജ്യപ്രാധിനിദ്ധ്യം എമ്പാടും തുറിച്ചുനില്ക്കുന്നുണ്ടു്. കഴിഞ്ഞുപോയ രാജാധിരാജന്മാരുടെ ചിത്രങ്ങൾ ഭിത്തിയിൽ ലസിച്ചിരുന്നു. ലക്ഷദീപപ്രകാശത്തെയും അവിടത്തെ വൈദ്യുതകാന്തി അതിശയിക്കുന്നുണ്ടായിരുന്നു. ആയിരത്തിൽപരം പ്രഭുക്കൾ സന്നിഹിതരായിരിക്കുന്ന ആ സദസ്സിൽ ചക്രവത്തി തിരുമനസ്സാണു് അതു ദാനം ചെയ്യുന്നതു്. കഴിയുന്നതും യാഥാർത്ഥ്യങ്ങളെ മാത്രം മുൻനിറുത്തി തങ്ങളുടെ കഴിഞ്ഞ അജ്ഞാതവാസത്തിലെ പ്രവത്തികളെ പ്രകടമാക്കുന്നതിന്നു പ്രധാനമന്ത്രി ഞങ്ങളോടു നിർദ്ദേശിച്ചു. ഞാൻ രാമുണ്ണിയെ ഏല്പിച്ചിരുന്ന ജപ്പാനിലെ രഹസ്യവഴികളുടെ പ്ലാൻ ആ കടിലൻ അവന്റെ സാമർത്ഥ്യത്തെ സമത്ഥിക്കുന്നതിന്നു പ്രയോഗിച്ചുകഴിഞ്ഞു. കൂടാതെ അയാൾ അൻപതിൽപരം ശത്രുക്കളെ ഒററക്കു ഹനിച്ചുപോലും. ഞാൻ അതൊന്നും ചെയ്തില്ല. അഭിമാനഭംഗവും, ക്രോസ്സ് മുഖേയിലുള്ള അഭിലാഷവും എന്നെ മത്തുപിടിപ്പിച്ചു. അതു ചക്രവത്തിയുടെ സദസ്സാണെന്നൊ, ജീവിതവാഞ്ഛ ശേഷിച്ചിട്ടുണ്ടെന്നൊ എനിക്കറിവില്ലായിരുന്നു.

“എടാ, ദുഷ്ട! ആ പ്ലാൻ എന്റേതല്ലെന്നൊ! നിന്നെ ഞാൻ ഇനി ജീവനോടെ വച്ചേക്കില്ല, ഇന്നാ, നോക്കിക്കോ” ഞാൻ ചാടി രാമുണ്ണിയുടെ പുറത്തു വീണു . . . .

“അയ്യോ! ഇതെന്തു ഭ്രാന്തു് ? അടുത്തുകിടക്കുന്നവരെ മേത്തു ചാടിക്കയറാൻ. നേരം വെളുക്കാറായല്ലൊ.” കഷ്ടം, മനുഷ്യക്കു ഇങ്ങിനെ ഒരു സ്വപ്നമുണ്ടോ ? അടുത്തു സുഖനിദ്ര ചെയ്തിരുന്ന പ്രാണസർവ്വസ്വം ചോദിച്ചതായിരുന്നു ഈ ചോദ്യം. അപരാധബോധത്താൽ ഒന്നു പല്ലിളിക്കാനേ എനിക്കു കഴിഞ്ഞുള്ളു. . . . .!!

## വിദ്യാർത്ഥികളോടു

(കെ. പി. രാഘവൻ, വൈത്തിരി.)

വിദ്യാർത്ഥികളേ, തോഴന്മാരേ, നമ്മുടെ നാട്ടിന്റെ
ശത്രുക്കളെ നാമാട്ടിയകററാൻ നേരം വൈകിപ്പോയ്
നമ്മുടെ നാട്ടാർ, നിഷ്ഠുരനാമീ ജാപ്പാൻ ചെയ്തിടും
തിന്മകൾമൂലം തിണ്ടാടുന്നതു കണ്ടില്ലെന്നോ നീ :
ഭാരതഭൂവിൻ ഭാഗ്യവിധായകരാകും വീരന്മാർ
ഭാവിയെ ഭാസുരമാക്കാൻവേണ്ടിപ്പോരിന്നൊരുങ്ങീടിൻ !

അക്രമി ജാപ്പുകുരങ്ങന്മാരെ തച്ചുമുടിച്ചീടാൻ
വിക്രമമേറും ഭാരതയോദ്ധാവാകുക വേഗത്തിൽ ;
വീമ്പുകൾചൊല്ലി നടക്കാൻ വീരർ ജാപ്പാൻകാരെന്നാൽ
മുമ്പിൽപ്പെട്ടാൽ പട്ടികൾപൊലാം പടിത്തൊണ്ടന്മാർ
പൊരുതുക നമ്മൾ, പൊരുതുക നമ്മൾ, വിജയം സാധിപ്പാൻ
അഭിനവഭാരത സൃഷ്ടിക്കായി പൊരുതുക നാമെല്ലാം
വിദ്യാർത്ഥികളേ, തോഴന്മാരേ, നമ്മുടെ നാട്ടിന്റെ
ശത്രുക്കളെ നാമാട്ടിയകററാൻ നേരം വൈകിപ്പോയ്

-ശുഭം.-

# ഇന്നല്ലെങ്കിൽ നാളെ. . .

(ഒരു ചൈനീസ് കഥയുടെ വിവർത്തനം—ഡോക്ടർ കെ. സി. പത്മാവതി.)

ഭീമയായ ജീവിതയന്ത്രത്തിന്ന ആയിരമായിരം ചക്രങ്ങളുണ്ട്. ആശയും ആഗ്രഹങ്ങളുമാകുന്ന അതിൽ കിടന്നു മനുഷ്യൻ ചുററിത്തിരിയുന്നു. എന്റെ ജീവിതം ഒരു തമാശാചക്രത്തിൽ കിടന്നതിരിയുകയാണെന്നു പറയുവാൻ എനിക്കു ലജ്ജയുണ്ട്. വിനോദപ്രദമായ ഏതൊന്നിലും ഞാൻ വളരെ ശ്രദ്ധാലുവാണ്. ഒരു മാതിരി എല്ലാ കളികളിലും എനിക്കു നല്ല വൈദഗ്ദ്ധ്യമുണ്ട്. ഉദാഹരണമായി, ഒരു കൊല്ലത്തിന്നു മുമ്പു 'കാം-ഫൂ-ബാൾ' (ഗോൾഫ്) എന്ന ഒരു കളി നടപ്പിൽവന്നു. ഉടനെ തന്നെ അതൊരു പരിഷ്ക്കരിച്ച കളിയായി. ഞാനതിനെപ്പററി ആലോചിച്ചു ദിവാസ്വപ്നങ്ങൾ കാണുവാൻ തുടങ്ങി. ഒന്നിലുള്ള എന്റെ ആസക്തി കുറയുമ്പോൾ അതു മററു പുതിയ വല്ലതിലേക്കും വ്യാപരിപ്പിക്കുന്നതിന്നു സ്നേഹിതന്മാരും എന്നെ സഹായിച്ചു.

മുദ്രകൾ ശേഖരിക്കുക എന്നതാണ് ഈ വസന്തത്തിലെ എന്റെ പുതിയ വിനോദം. അതു തുടങ്ങുവാൻ എനിക്കെന്റെ ഒരു സ്നേഹിതൻ കുറെ മുദ്രകൾ തന്നു. അധികം താമസിയാതെ ഞാൻ ഒരു 8 ഇഞ്ച് വലുപ്പമുള്ള ലക്കോട്ടു നിറയെ മുദ്രകൾ സമ്പാദിച്ചു. വിശ്രമവേളകളിൽ ഞാൻ ആ മുദ്രകളെല്ലാം താഴെ കൊട്ടി ഓരോ രാജ്യത്തിലേയും നേതാക്കന്മാരുടെ വിവിധരൂപങ്ങളെ നോക്കിക്കൊണ്ടിരിക്കും. ചില കഷണ്ടിക്കാരും, ചില താടിയിൽ മീശയുള്ളവരും, മററു ചിലതിൽ വലിയ എടുപ്പുകളും, വെള്ളച്ചാട്ടങ്ങളും എല്ലാം എന്റെ ശ്രദ്ധയെ വളരെ അധികം ആകർഷിച്ചു. അവസാനം ഞാൻ ഒരു ആൽബം വാങ്ങി അതിന്റെ മുകളിൽ എന്റെ ഗുരുനാഥനെ കൊണ്ടു "പതിനായിരം രാജ്യത്തിലെ മുദ്രകൾ" എന്നു എഴുതിപ്പിക്കുകയും ചെയ്തു. ഞാൻ ഇത്രത്തോളം ചെയ്തുതീർത്തപ്പോഴേക്കും എന്നെ ആദ്യം ഇതിന്നു പ്രേരിപ്പിച്ച സ്നേഹിതൻ ഒരു സഹായവും ചെയ്യാതായി. ഞാൻ തന്നത്താൻ എന്റെ മുദ്രാന്വേഷണവുമായി പുറപ്പെട്ടു. എത്ര കുറച്ചു പരിചയമുള്ളവരായാലും ശരി ഞാൻ കടന്നു ചോദിക്കും "നിങ്ങളുടെ വക്കൽ എനിക്കു തരുവാൻ വല്ല മുദ്രകളും ഉണ്ടോ?" ഒരുപക്ഷെ ഞാൻ ചോദിക്കുന്നതിന്നു വായ് തുറക്കുമ്പോഴേക്കു തന്നെ കയ്യും മലർത്തിപിടിച്ചു "എന്റെ കയ്യിൽ ഒന്നും ഇല്ല" എന്ന മറുവടി ആയിരിക്കും കിട്ടുക.

ഒരു ദിവസം ബോട്ടനി ക്ലാസ്സിൽ മാസ്റ്റർ ഒരു പുഷ്പകേസരത്തെ ബോഡിൽ വരച്ചുകൊണ്ടിരിക്കുകയാണ്. തദവസരത്തിൽ ഞാനെന്റെ നോട്ടുപുസ്തകത്തിലെ ഏടുകൾ മറിച്ചുകൊണ്ടിരുന്നു—പെട്ടെന്നു അതിൽനിന്നും ഒരു മുദ്ര താഴെ വീണു. അതു ജപ്പാന്റെ ആധിപത്യത്തിലും നിയന്ത്രണത്തിലും ഉള്ള മഞ്ചുക്കോ ഗവമ്മേണ്ടിന്റേതായിരുന്നു. ഞാൻ അതിലെ തവിട്ടുനിറത്തിൽ ചുരുണ്ടുകിടക്കുന്ന ഹിംസ്രജന്തുവിനെ (ഡ്രേഗൻ) നോക്കി തന്നത്താൻ ആഹ്ലാദിക്കുമ്പോൾ എന്റെ അടുത്തിരിക്കുന്ന സഹപാഠി വളരെ ബുദ്ധിമുട്ടോടെ അതിൽ എത്തി നോക്കി. അവന്റെ തല ചീകിയിട്ടില്ല, മുഖം വിളർത്തും മെലിഞ്ഞും ഇരുന്നു.

എനിക്കയാളെ മനസ്സിലായി. അയാളുടെ പേർ 'ചയാവു' എന്നായിരുന്നു. ഞങ്ങളുടെ ക്ലാസ്സിൽ ആരും തന്നെ അയാളോടു സംസാരിച്ചിരുന്നില്ല. ആ മഞ്ഞിൻകട്ടയെ പൊട്ടിക്കുവാൻ ഞാനും ഒരു കാരണവും കണ്ടില്ല. എന്തോ നിയമം ശിക്ഷിക്കപ്പെട്ടവനെപോലെ അയാൾ എപ്പോഴും മുഖം വീർപ്പിച്ചിരുന്നു. എനിക്കു സന്തോഷമില്ലാത്ത മുഖം കാണുക മുമ്പെത്തന്നെ വെറുപ്പാണ്. ഞാൻ എപ്പോഴും ആഹ്ലാദചിത്തനാണ്. അങ്ങിനെ തന്നെ ആയിരിക്കണം എന്റെ സ്നേഹിതന്മാരും. ഞങ്ങൾ ഗ്രീഷ്മത്തിൽ ടെന്നിസ്സും, ശീതകാലത്തു സ്കേയിററും കളിക്കും. എന്നാൽ ഇയാൾ അതിലൊന്നിലും തന്നെ പങ്കെടുത്തിരുന്നില്ല. അയാൾ ആ കളിസ്ഥലത്തു കയ്യുംകെട്ടി ചിന്താമഗ്നനായി ഉലാത്തിക്കൊണ്ടിരിക്കും. ക്ലാസ്സിൽ മാസ്റ്റർ ചോദിക്കാറുള്ള ചോദ്യങ്ങളിൽപോലും ശ്രദ്ധിക്കാതെ ഏകാഗ്രചിത്തനായിരിക്കുക അയാൾക്കൊരു പതിവാണ്. പലപ്പോഴും അയാൾ നോട്ടുപുസ്തകത്തിൽ മാർജിൻ വരച്ചുകൊണ്ടിരിക്കും. എന്നാൽ ഞങ്ങളെപ്പോലെ മാസ്റ്റർമാരുടെയൊ സഹപാഠികളുടെയൊ ചിത്രം അയാൾ പുസ്തകത്തിൽ വരയ്ക്കാറില്ല. എഴുതുക അയാൾക്കിഷ്ടമാണ്. പിന്നീടു അക്ഷരങ്ങൾക്കു പെൻസിൽകൊണ്ടു ചായംകൊടുത്തു കൊണ്ടിരിക്കും. ഒരു ദിവസം ജോമട്രി ക്ലാസ്സിൽ—എനിക്കെന്തോ ഒരു ജിജ്ഞാസ തോന്നി—ഞാനയാളുടെ നോട്ടുപുസ്തകത്തിലേക്കൊന്നെത്തി നോക്കി. അപ്പോൾ അതിൽ വലിയ അക്ഷരത്തിൽ "എന്റെ നദിയും പർവ്വതവും മടക്കിത്തരുക" എന്നെഴുതിയതായി കണ്ടു. (ചൈനയിൽ ഇതു ബഹുമാനപ്പെട്ട ഒരു വാക്കാണ്. ഇതിന്റെ അർത്ഥം 'നഷ്ടപ്പെട്ട രാജ്യത്തെ വീണ്ടെടുക്കുക' എന്നതാണെത്രെ.)

പിന്നത്തെ ബോട്ടനി ക്ലാസ്സിൽ ഞങ്ങൾ രണ്ടുപേരും കുറെ നേരത്തെ ഹാജരാകുവാൻ സംഗതിവന്നു. ഒരു വാദപ്രതിവാദത്തിന്നെന്ന മട്ടിൽ അയാൾ എന്നോടു ചോദിച്ചു, "നിങ്ങൾ എന്തിനാണ് അതെല്ലാം സംഭരിക്കുന്നതു്." അയാളുടെ സംഭാഷണം തികച്ചും ഒരു മഞ്ചൂറിയക്കാരനെപോലെ ഇരിന്നു. "കളിക്കുവാൻ, അല്ലാതെ മറെറന്തിന്നു?" ഞാൻ മറുവടി പറഞ്ഞു. അയാൾ പുരികം ചുളിച്ചൊന്നു മൂളി. "അതുകൊണ്ടു കളിക്കുവാൻ? നിങ്ങൾക്കറിയില്ലെ അതിൽ എത്രമാത്രം സ്ഥലങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന്?" എനിക്കയാൾ പറഞ്ഞതൊന്നും തന്നെ മനസ്സിലായില്ല.

അപ്പോഴേക്കും മണിയടിച്ചു. മാസ്റ്റർ ക്ലാസ്സിൽ എത്തി.

അന്നു വൈകുന്നേരം തന്നെ മൂന്നാം തട്ടിലേക്കു പോകുന്ന കോണിപ്പടിയുടെ അരികെ വെച്ചു ഞാൻ അയാളെ കണ്ടുമുട്ടി. തലമുടി മുമ്പെപോലെ തന്നെ ചിന്നിച്ചിതറികിടന്നിരുന്നു. ഒരു പഴയ കറുത്ത ഉടുപ്പും കീറിയ ചെരുപ്പുകളും ആയിരുന്നു ധരിച്ചിരുന്നതു്. മുകളിലോട്ടു കയറുമ്പോൾ അയാൾ ഒരു ടിൻസ്റ്റിൻ പത്രം വായിച്ചുകൊണ്ടുനടന്നു. പത്രം നിവർത്തി പിടിച്ച രീതിയും അലക്ഷ്യഭാവത്തിലുള്ള നടത്തവും കണ്ടപ്പോൾ എനിക്കു അപാരമായ സമുദ്രത്തിൽ നഷ്ടപ്പെട്ട ഒരു കപ്പൽ പോകുന്നപോലെ തോന്നി. ഞാൻ അയാളെ പെട്ടെന്നു പിടിച്ചുനിർത്തി ചോദിച്ചു എതൊരർത്ഥത്തിലാണ് അയാൾ ക്ലാസ്സിൽനിന്നു എന്നോടാ ചോദ്യം ചോദിച്ചതെന്ന്. അയാൾ എന്റെ മുഖത്തൊന്നു സൂക്ഷിച്ചുനോക്കി; എന്റെ ശ്രദ്ധയെ മനസ്സിലാക്കി; എന്നിട്ടു പത്രം മടക്കി അതിൽ ഒരു ഭാഗം ചൂണ്ടിക്കാണിച്ചു. അതു വികാരാവേശകാരിയായ ഒരു വിനോദവാർത്തയൊ അല്ലെങ്കിൽ പുതിയ സിനിമകളുടെ അറിയിപ്പോ അല്ലായിരുന്നു. എന്നാൽ അതു ആരോ രാജ്യസ്ഥാനം കൈക്കലാക്കിയ വാർത്തമാത്രമായിരുന്നു. (ഇമ്പീരിയൽ ചൈനയിലെ ചക്രവർത്തിയായിരുന്ന ഹെൻറി പൂയിയെ ഒരു ജപ്പാന്റെ സ്വകാര്യപോലീസിനാൽ കട്ടുകൊണ്ടുപോകപ്പെട്ടപ്പോൾ ജപ്പാൻകാരുടെ പാവ ഗവമ്മേണ്ട് മഞ്ചുക്കോ 1932 മാർച്ച് 9-ാംനു സ്ഥാപിതമായി.) ഞാൻ അത്ഭുതപ്പെട്ടു. അതിന്റെ അർത്ഥം ഒരു പുതിയ മുദ്രകൂടി ഉണ്ടാകുമെന്നല്ലെ. അതുകൊണ്ടു ഞാൻ അയാളോടു ചോദിച്ചു എനിക്കു വല്ല പുതിയ മുദ്രയും കിട്ടുവാനുണ്ടോ എന്ന്. ഞാൻ അയാളെ കുറെ അധികം നിരാശാഭരിതനാക്കിയപോലെ തോന്നി, പക്ഷെ അയാൾ ദയാർത്ഥത്തിൽ എന്നോടു പറഞ്ഞു, "ഞാൻ കുറെ അധികം പുതിയ മുദ്രകൾ വരുമെന്നു വിചാരിച്ചു." എനിക്കത്രമാത്രം മതിയായിരുന്നു. എന്നാൽ അയാൾ തന്റെ പത്രവുമായി വീണ്ടും പ്രയാണമാരംഭിച്ചു. ഞാനാകട്ടെ നിശ്ശബ്ദമായി അയാളെ പിന്തുടർന്നു. കതകു തുറക്കുവാൻ താക്കോലെടുക്കുന്നതുവരെ ഈ ക്ഷണിക്കാത്ത വിരുന്നുകാരനെപ്പററി അയാൾ ഓർത്തിട്ടുണ്ടോ എന്നു സംശയമാണ്. "ദയവുചെയ്തു ഒരു മിനുട്ടുനേരത്തേക്കു അകത്തേക്കു വരൂ," അയാൾ പിന്നെ ക്ഷണിച്ചു. അതു വളരെ മര്യാദപൂർവ്വകമായിരുന്നു. അയാൾക്കത്ര മര്യാദയുള്ളതിൽ ഞാൻ തികച്ചും അത്ഭുതപ്പെട്ടു. വലിയ ആഗ്രഹത്തോടെ ഞാൻ അകത്തേക്കു കടന്നു. അയാളുടെ മുറിയിൽ ഫോട്ടോകളോ, സിനിമാ നടന്മാരുടെ ചിത്രങ്ങളോ ഉണ്ടായിരുന്നില്ല. ചുമരിൽ നിറയെ അങ്ങിങ്ങായി വിവിധവർണ്ണത്തിലുള്ള ചായപെൻസിൽകൊണ്ടു മുദ്രാവാക്യങ്ങൾ എഴുതിയിരുന്നു. ചുമരിന്റെ നടുവിൽ ഒരററത്തു ചുവപ്പു ചായമിട്ടു ഒരു മേപ്പും തൂക്കിയിട്ടുണ്ട്. അയാളുടെ കിടക്ക ഉലഞ്ഞും മുഷിഞ്ഞും കിടന്നിരുന്നു. തലയണയുടെ ചുവട്ടിൽ കുറെ പുസ്തകങ്ങളും വെച്ചിട്ടുണ്ട്. മുകളിലിരിക്കുന്ന ബുക്ക് "ജപ്പാൻ സാമ്രാജ്യത്വത്തിന്റെ ചരിത്രം" എന്നതായിരുന്നു. എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞങ്ങളുടെ ഭയങ്കരനായ ഹിസ്റ്ററിമാസ്റ്റർ നിർബ്ബന്ധിച്ചു വായിപ്പിക്കുന്ന പാഠപുസ്തകങ്ങളെകൊണ്ടു തന്നെ എനിക്കു കണക്കിലധികം മടുത്തിട്ടുണ്ട്. മുദ്രകൾമാത്രമെ എനിക്കാവശ്യമുള്ളു.


"പുതിയ സാമ്രാജ്യത്തിന്റെ മുദ്രകൾ" അയാൾ പറഞ്ഞു. "നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ അധികം താമസിയാതെ വടക്കൻ ചൈനാ സാമ്രാജ്യത്തിന്റെ അടിമയാവും നിങ്ങൾക്കുകൂടിയും എന്ന്?" എനിക്കു ചായ പകർന്നു തരുവാൻ അയാൾ ചായപാത്രത്തെ പതുക്കെ തൊട്ടു. എന്റെ ശ്രദ്ധ മേശ വലിപ്പിൽനിന്നും പുറത്തേക്കു നില്ക്കുന്ന ഒരു ലക്കോട്ടിൽ പതിഞ്ഞു. പെട്ടെന്നു ഞാനതു വലിച്ചെടുത്തു. ഹാ! അപ്പോൾ കണ്ടകാഴ്ച! പുതിയ അടയാളത്തോടുകൂടിയ ഒരു മുദ്ര! അതിന്റെ മിനുപ്പും ചായവും മററും കണ്ടപ്പോൾ ആദ്യം ഞാനതു ജപ്പാൻകാരുടെയാണെന്നു വിചാരിച്ചു. എന്നാൽ സൂക്ഷിച്ചുനോക്കിയപ്പോൾ മ-ഞ്ചു-കൊ എന്ന മൂന്നക്ഷരം വ്യക്തമായി വെവ്വേറെ കണ്ടു. വളരെ കാലമായി ഞാനാശിച്ചിരുന്ന ഒന്നു, ഒരു പുതിയ രാജ്യത്തിന്റെ മുദ്ര! അയാൾ എന്നെ അവമാനിച്ചതെല്ലാം ഞാൻ മറന്നു, അതു ചീന്തി എടുക്കട്ടയോ എന്നായാളോടു കെഞ്ചി.

"നിങ്ങൾ എന്തിന്നു ഇതു ആവശ്യപ്പെടുന്നു—പതിനായിരം ജനങ്ങളുടെ ശാപം?" എനിക്കു മനസ്സിലായില്ല അയാൾ അതു എന്നോടോ ആ മുദ്രയോടോ പറയുന്നതെന്ന്. പക്ഷെ അയാൾ തുറിച്ചുനോക്കികൊണ്ടിരുന്നു.

"അയ്യോ, അതു എനിക്കെന്റെ മുദ്രാസംഭരണത്തിന്നു വളരെ അധികം ആവശ്യമുണ്ട്" ഞാൻ വളരെ വെമ്പലോടെ പറഞ്ഞു.

"നിങ്ങളെപ്പോലെ വളരെ അധികം ആളുകൾ അതു ആവശ്യപ്പെടുന്നുണ്ട്" ഈ പ്രാവശ്യം അയാൾ എന്നോടു തന്നെയാണ് ദേഷ്യപ്പെട്ടു പറയുന്നതു എന്ന് എനിക്കു തോന്നി. അയാൾ ആ മുദ്ര കീറി എടുക്കുവാൻ ഭാവിച്ചു. ഞാനതിനെ തടഞ്ഞു "ദയവുചെയ്തു അതു ചെയ്യുവാൻ എന്നെ അനുവദിക്കണം." ഞാനതയാളുടെ പക്കൽനിന്നും എടുത്തു. എനിക്കത്രമാത്ര ഭയമുണ്ടായിരുന്നു ആ ദേഷ്യത്തിൽ അയാൾ അതു കീറിയെങ്കിലോ എന്നു. വളരെ ഭദ്രമായി ആ മുദ്ര കീറിയെടുത്തു നന്ദി പറഞ്ഞു ഞാൻ താഴോട്ടിറങ്ങി. എനിക്കു നല്ലവണ്ണമറിയാം അയാൾക്കെന്നെപ്പററി എന്തഭിപ്രായമാണ് ഉണ്ടായിരിക്കുക എന്ന്. എന്നെപ്പോലുള്ള മററു മുദ്ര ശേഖരണക്കാർ എന്റെ ചുററും വളഞ്ഞു. അവർക്കെന്നോടു അസൂയതോന്നി. ഒരു ചെറുക്കൻ "പാരീസ് പ്രദർശനം" എന്ന അയാളുടെ രാക്ഷസന്റെ ചിത്രം എനിക്കു പകരം തരാമെന്നു പറഞ്ഞു. പക്ഷെ ഞാൻ ഒരു പുഞ്ചിരിയോടുകൂടി നടന്നു.

(തുടരും)



കടവുകൾ പിടിക്കുന്നതിന്നുള്ള യുദ്ധം. കാഥയിൽ ഐരാവതീതീരത്തു സഖ്യസേനകൾ കാവൽ നിൽക്കുന്നു



ജാപ്പാൻകാൎക്കെതിരായി പൊരുതുന്ന ഐ. എ. എഫിലെ ഒന്നാമത്തെ സ്പിററ്ഫയർ സ്ക്വാഡ്രൻ

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.